കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ഇൻഡ്യൻ വിവാഹമോചന ആക്റ്റ്, 1869

**(1869-ലെ 4-ാം നമ്പർ ആക്റ്റ്)**

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

വില [illegible] 1-3[illegible]

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ഇൻഡ്യൻ വിവാഹമോചന ആക്റ്റ്, 1869

(1869-ലെ 4-ാംനമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

1-35

© കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ഇൻഡ്യൻ വിവാഹമോചനആക്റ്റ്,1869

(1869-ലെ 4-ാം നമ്പർ ആക്റ്റ്)

## വിവാഹമോചനവും ദാമ്പത്യവിഷയകമായ വ്യവഹാരകാരണങ്ങളും സംബന്ധിച്ച നിയമം ഭേദഗതി ചെയ്യുവാനുള്ള ആക്റ്റ്

[1869 ഫെബ്രുവരി 26,]

ആമുഖം.—ക്രിസ്തുമതത്തിൽ വിശ്വാസം പ്രകടിപ്പിക്കുന്ന ആളുകളുടെ വിവാഹമോചനം സംബന്ധിച്ച നിയമം ഭേദഗതി ചെയ്യുകയും, ചില കോടതികൾക്ക് ദാമ്പത്യവിഷയങ്ങളിൽ അധികാരിത നല്കുകയും ചെയ്യുന്നതു സമീചീനമായിരിക്കയാൽ, ഇതിനാൽ താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു.—

## I പ്രാരംഭികം

1. ചുരുക്കപ്പേര്, ആക്റ്റിന്റെ പ്രാരംഭം.—ഈ ആക്റ്റിന്, ഇൻഡ്യൻ വിവാഹ മോചന ആക്റ്റ്, എന്ന് പേർ പറയാവുന്നതും, അത് 1869 ഏപ്രിൽ ഒന്നാം ദിവസം പ്രവർത്തനത്തിൽ വരുന്നതും ആകുന്നു.

2. ആക്റ്റിന്റെ വ്യാപ്തി.—ഈ ആക്റ്റ് ജമ്മു-കാശ്മീർ സ്റ്റേറ്റ് ഒഴികെയുള്ള ഇൻഡ്യ മുഴുവനും വ്യാപിക്കുന്നതാണ്.

സാമാന്യമായി നിവൃത്തിനല്കുന്നതിനും വിഘടനവിധികളോ അകൃതതാവിധികളോ പാസാക്കുന്നതിനുമുള്ള അധികാരത്തിന്റെ വ്യാപ്തി.—ഇതിൽ ഇതിനുശേഷം അടങ്ങിയ യാതൊന്നും, ഏതെങ്കിലും കോടതിയെ ഹർജിക്കാരനോ എതിർകക്ഷിയോ ക്രിസ്തു മതത്തിൽ വിശ്വാസം പ്രകടിപ്പിക്കുന്ന ആളായിരിക്കുന്നിടത്തൊഴികെ, ഈ ആക്റ്റിൻകീഴിൽ ഏതെങ്കിലും നിവൃത്തി നല്കാനോ, അല്ലെങ്കിൽ വിവാഹത്തിലെ കക്ഷികൾ ഹർജി ബോധിപ്പിക്കുന്ന സമയത്ത്, ഇൻഡ്യയിൽ അധിവാസമുള്ളവരാകുന്നിടത്തൊഴികെ, വിവാഹ വിഘടനവിധികൾ പാസാക്കാനോ,

അല്ലെങ്കിൽ, വിവാഹം ഇൻഡ്യയിൽവച്ച് ആഘോഷിക്കപ്പെട്ടിരിക്കയും ഹർജി ബോധിപ്പിക്കുന്നസമയത്ത്, ഹർജിക്കാരൻ ഇൻഡ്യയിൽ താമസക്കാരനായിരിക്കുകയും ചെയ്യുന്നിടത്തൊഴികെ, വിവാഹ അകൃതതാവിധികൾ പാസാക്കാനോ,

അല്ലെങ്കിൽ, ഹർജി ബോധിപ്പിക്കുന്ന സമയത്ത്, ഹർജിക്കാരൻ ഇൻഡ്യയിൽ താമസിക്കുന്നിടത്തൊഴികെ, ഈ ആക്റ്റിൻകീഴിൽ വിവാഹവിഘടന വിധിയോ വിവാഹ അകൃതതാവിധിയോ അല്ലാത്ത ഏതെങ്കിലും നിവൃത്തി നല്കാനോ, പ്രാധികാരപ്പെടുത്തുന്നതല്ല.

3. വ്യാഖ്യാനഖണ്ഡം.—വിഷയത്തിനോ സന്ദർഭത്തിനോ വിരുദ്ധമായ എന്തെങ്കിലും ഇല്ലാത്തപക്ഷം ഈ ആക്ററിൽ,—

(1) "ഹൈക്കോടതി"ക്ക്, ഏതെങ്കിലും പ്രദേശം സംബന്ധിച്ച്,—

(ക) ഒരു സ്റേററിൽ, ആ സ്റേററിനുള്ള ഹൈക്കോടതി എന്നും;

(ഖ) ഡൽഹിയിൽ, ഡൽഹി ഹൈക്കോടതി എന്നും;

(ഖഖ) ഹിമാചൽ പ്രദേശിൽ 1967 ഏപ്രിൽ 30 ഉൾപ്പെടെ, പഞ്ചാബിൻേറയും ഹരിയാനയുടേയും ഹൈക്കോടതി എന്നും, അതിനുശേഷം ഡൽഹി ഹൈക്കോടതി എന്നും;

(ഗ) മണിപ്പൂരിലും ത്രിപുരയിലും, ആസാം ഹൈക്കോടതി എന്നും,

(ഘ) അന്തമാനും നിക്കോബറും ദ്വീപുകളിൽ, കൽക്കത്തയിലെ ഹൈക്കോടതി എന്നും:

(ങ) ലക്ഷദ്വീപ്, മിനിക്കോയി, അമീൻദിവി എന്നീ ദ്വീപുകളിൽ കേരള ഹൈക്കോടതി എന്നും;

(ങങ) ചണ്ഡിഗഡിൽ, പഞ്ചാബിൻേറയും ഹരിയാനയുടേയും ഹൈക്കോടതി എന്നും,

അർത്ഥമാകുന്നതും,

ഈ ആക്ററിൻകീഴിലുള്ള ഏതെങ്കിലും ഹർജിയുടെ സംഗതിയിൽ "ഹൈക്കോടതി"ക്ക്, ഭാര്യയും ഭർത്താവും ഒരുമിച്ച് താമസിക്കുന്നതോ, ഒടുവിൽ ഒരുമിച്ച് താമസിച്ചതോ ആയ പ്രദേശത്തേക്കുള്ള ഹൈക്കോടതി എന്നും,

അർത്ഥമാകുന്നതും ആണ്.

(2) "ജില്ലാ ജഡ്ജി"ക്ക്, എന്തു പേർ പറഞ്ഞാലും, ആദ്യാധികാരിതയുള്ള പ്രിൻസിപ്പൽ സിവിൽക്കോടതിയിലെ ജഡ്ജി എന്നർത്ഥമാകുന്നു.

(3) "ജില്ലാക്കോടതി".—"ജില്ലാക്കോടതി"ക്ക് ഈ ആക്ററിൻകീഴിലുള്ള ഏതെങ്കിലും ഹർജിയുടെ സംഗതിയിൽ, ഏതു ജില്ലാജഡ്ജിയുടെ സാധാരണാധികാരിതയുടേയോ ഈ ആക്ററിൻകീഴിലുള്ള അധികാരിതയുടെയോ തദ്ദേശാതിർത്തികൾക്കുള്ളിലാണോ ഭർത്താവും ഭാര്യയും ഒരുമിച്ച് താമസിക്കുന്നത്, അല്ലെങ്കിൽ ഒടുവിൽ ഒരുമിച്ച് താമസിച്ചത്, ആ ജില്ലാജഡ്ജിയുടെ കോടതി എന്നർത്ഥമാകുന്നു.

(4) "കോടതി".—"കോടതി"ക്ക്, അതതു സംഗതി പോലെ, ഹൈക്കോടതി എന്നോ, ജില്ലാക്കോടതി എന്നോ അർത്ഥമാകുന്നു.

(5) "മൈനർ കുട്ടികൾ". —"മൈനർകുട്ടികൾ"ക്ക്, നാട്ടുകാരായ പിതാക്കൻമാരുടെ പുത്രൻമാരുടെ സംഗതിയിൽ, പതിനാറു വയസ്സ് പൂർത്തിയായിട്ടില്ലാത്ത ആൺകുട്ടികൾ എന്നും, നാട്ടുകാരായ പിതാക്കൻമാരുടെ പുത്രിമാരുടെ സംഗതിയിൽ പതിമൂന്നു വയസ്സ് പൂർത്തിയായിട്ടില്ലാത്ത പെൺകുട്ടികൾ എന്നും, മററ് സംഗതികളിൽ, പതിനെട്ട് വയസ്സ് പൂർത്തിയായിട്ടില്ലാത്ത അവിവാഹിതരായ കുട്ടികൾ എന്നും അർത്ഥമാകുന്നു.

(6) "നിരോധിതബന്ധത്തിലുള്ള ആളുമായിട്ടുള്ളവ്യഭിചാരം".—"നിരോധിത ബന്ധത്തിലുള്ള ആളുമായുള്ള വ്യഭിചാരം" എന്നാൽ, ഒരു ഭർത്താവ്, തൻെറ ഭാര്യ മരിച്ചിട്ടുണ്ടായിരുന്നെങ്കിൽ, ഏതു സ്ത്രീയേയാണോ, അവൾ നിരോധിതരക്തബന്ധത്തിൻെറയോ (സ്വാഭാവികമായതോ നിയമാനുസൃതമായതോ ആയാലും) നിരോധിതവിവാഹ ബന്ധുത്വത്തിൻേറയോ ഡിഗ്രികളിൽപ്പെടുന്നുവെന്ന കാരണത്താൽ തനിക്ക് നിയമാനുസൃതമായ വിവാഹം കഴിക്കുവാൻ പാടില്ലാത്തത്, അങ്ങനെയുള്ള ഒരു സ്ത്രീയുമായി നടത്തുന്ന വ്യഭിചാരം എന്നർത്ഥമാകുന്നു.

(7) ''വ്യഭിചാരത്തോടുകൂടിയ ദ്വിഭാര്യാത്വം''.— ''വ്യഭിചാരത്തോടുകൂടിയ ദ്വിഭാര്യാത്വ''ത്തിന്, ഏത് സ്ത്രീയുമായാണോ ദ്വിഭാര്യാത്വം ഉണ്ടായത്, ആ സ്ത്രീയുമായുള്ള വ്യഭിചാരം എന്നർത്ഥമാകുന്നു.

(8) ''മറെറാരു സ്ത്രീയുമായുള്ള വിവാഹം''.— ''മറെറാരു സ്ത്രീയുമായുള്ള വിവാഹ'' ത്തിന്, വിവാഹിതനായിരിക്കെ ആദ്യഭാര്യയുടെ ജീവിതകാലത്തുള്ളതും, ഏതെങ്കിലും ആളുടെ മറേറതെങ്കിലും ആളുമായുള്ളതുമായ വിവാഹം—ആ രണ്ടാമത്തെ വിവാഹം നടത്തുന്നതു ഇൻഡ്യയ്ക്കുള്ളിലോ മറെറവിടെയെങ്കിലും വച്ചോ ആയിരുന്നാലും— എന്നർത്ഥമാകുന്നു.

(9) ''അഭിത്യജനം''.—''അഭിത്യജനം'', അത് ആരോപിക്കുന്ന ആളുടെ ആഗ്രഹത്തിന് എതിരായുള്ള ഒരു പരിത്യജനത്തെ വ്യഞ്ജിപ്പിക്കുന്നു.

(10) ''വസ്തു''.—''വസ്തു''വിൽ, ഒരു ഭാര്യയുടെ സംഗതിയിൽ, അവൾക്ക് അവശിഷ്ടാവകാശമോ, പ്രതിവർത്തനാവകാശമോ ആയോ അല്ലെങ്കിൽ ഒരു ട്രസ്ററിയോ എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേററോ എന്ന നിലയ്ക്കോ അവകാശപ്പെട്ട ഏതെങ്കിലും വസ്തു ഉൾപ്പെടുന്നതും, മരണശാസനകർത്താവിന്റേയോ മരണശാസനംകൂടാതെ മരിച്ച ആളുടേയോ മരണത്തീയതി, അങ്ങനെയുള്ള ഏതെങ്കിലും ഭാര്യ എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേററോ എന്ന നിലയിൽ അവകാശമുള്ളവളായിത്തീരുന്ന സമയമായി കരുതപ്പെടുന്നതുമാകുന്നു.

## II അധികാരിത

4. ഹൈക്കോടതിയുടെ ദാമ്പത്യവിഷയകമായ അധികാരിത ആക്ററിന് വിധേയമായി പ്രയോഗിക്കേണ്ടതാണെന്ന്.—എ മെൻസാ എത്ത് തോറോ എന്ന വിവാഹമോചനം സംബന്ധിച്ചും, ദാമ്പത്യവിഷയകമായ മറെറല്ലാ വ്യവഹാര കാരണങ്ങളിലും വ്യവഹാരങ്ങളിലും വിഷയങ്ങളിലും ഹൈക്കോടതി ഇപ്പോൾ പ്രയോഗിക്കുന്ന അധികാരിത, അങ്ങനെയുള്ള കോടതികളും ജില്ലാക്കോടതിയും, ഈ ആക്ററിൽ അടങ്ങിയ വ്യവസ്ഥകൾക്ക് വിധേയമായി, പ്രയോഗിക്കേണ്ടതും, മററുവിധത്തിൽ പ്രയോഗിക്കാൻ പാടില്ലാത്തതും,

അപവാദം.— ഇത് വിവാഹലൈസൻസ് നല്കുന്നതുസംബന്ധിച്ചിടത്തോളം ഒഴികെ ആയിരിക്കുന്നതും, അവ ഈ ആക്ററ് പാസാക്കിയിട്ടുണ്ടായിരുന്നില്ലെങ്കിലെന്നപോലെ നല്കാവുന്നതുമാണ്.

5. സുപ്രീം കോടതിയോ ഹൈക്കോടതിയോ ഇതിനുമുൻപ് പാസ്സാക്കിയിട്ടുള്ള വിധികളോ ഉത്തരവുകളോ പ്രാവർത്തികമാക്കുന്നത്.—വൈദിക കാര്യങ്ങൾക്കുള്ള വിഭാഗത്തിൽ ഉപവേശിച്ചുകൊണ്ടിരുന്ന കൽക്കട്ടയിലേയോ മദ്രാസിലേയോ ബോംബെയിലെയോ മുൻപുണ്ടായിരുന്ന സുപ്രീംകോർട്ട് അഫ് ജൂഡിക്കേച്ചറിന്റേയോ, അല്ലെങ്കിൽ യഥാക്രമം ദാമ്പത്യവിഷയകമായ ഏതെങ്കിലും വ്യവഹാരകാരണത്തിലോ വിഷയത്തിലോ ഉള്ള തങ്ങളുടെ അധികാരിതയുടെ പ്രയോഗത്തിൽ ഉപവേശിച്ചുകൊണ്ടിരിക്കുന്ന മുൻപറഞ്ഞ ഹൈക്കോടതികളിൽ ഏതിന്റേയെങ്കിലുമോ വിധിയോ ഉത്തരവോ യഥാക്രമം മുൻപറഞ്ഞ ഹൈക്കോടതികൾക്ക്, അങ്ങനെയുള്ള വിധിയോ ഉത്തരവോ പ്രാവർത്തികമാക്കുകയോ കൈകാര്യം ചെയ്യുകയോ ചെയ്യുന്ന കോടതി, അത് ആദ്യമേ ഈ ആക്ററിൻകീഴിൽ പാസ്സാക്കിയിട്ടുണ്ടായിരുന്നാലുള്ള അതേ രീതിയിൽ ഇതിൽ ഇതിനുശേഷം പറഞ്ഞിട്ടുള്ളതുപോലെ പ്രവർത്തിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യാവുന്നതാണ്.

6. നിലവിലിരിക്കുന്ന വ്യവഹാരങ്ങൾ.—ഈ ആക്ററ് പ്രവർത്തനത്തിൽ വരുമ്പോൾ ഏതെങ്കിലും ഹൈക്കോടതിയിൽ നിലവിലിരിക്കുന്ന, ദാമ്പത്യവിഷയകമായ വ്യവഹാരകാരണങ്ങളിലും വിഷയങ്ങളിലും ഉള്ള എല്ലാ വ്യവഹാരങ്ങളും നടപടികളും ആകാവുന്നിടത്തോളം, അവ ആദ്യമെ ഈ ആക്ററിൻകീഴിൽ അങ്ങനെയുള്ള കോടതിയിൽ ആരംഭിച്ചിട്ടുണ്ടായിരുന്നാലെന്നപോലെ, ആ കോടതി കൈകാര്യം ചെയ്യേണ്ടതും തീരുമാനിക്കേണ്ടതും ആകുന്നു.

7. കോടതി ഇംഗ്ലീഷ് വിവാഹമോചനക്കോടതിയുടെ തത്ത്വങ്ങളിൻമേൽ പ്രവർത്തിക്കേണ്ടതാണെന്ന്.—ഈ ആക്ററിൽ അടങ്ങിയ വ്യവസ്ഥകൾക്ക് വിധേയമായി, ഹൈക്കോടതികളും ജില്ലാക്കോടതികളും ഇതിൻകീഴിലുള്ള എല്ലാ വ്യവഹാരങ്ങളിലും നടപടികളിലും, മേൽപറഞ്ഞ കോടതികളുടെ അഭിപ്രായത്തിൽ, ഏതു തത്ത്വങ്ങളിൻമേലും ചട്ടങ്ങളിൻമേലുമാണോ തൽസമയത്തെ ഇംഗ്ലണ്ടിലെ വിവാഹമോചനത്തിനും ദാമ്പത്യവിഷയകമായ വ്യവഹാരകാരണങ്ങൾക്കുമായുള്ള കോടതി പ്രവർത്തിക്കുകയും നിവൃത്തി നല്കുകയും ചെയ്യുന്നത്, ആ തത്ത്വങ്ങൾക്കും ചട്ടങ്ങൾക്കും കഴിയുന്നത്ര അനുരൂപമായ തത്ത്വങ്ങളിൻമേലും ചട്ടങ്ങളിൻമേലും പ്രവർത്തിക്കുകയും നിവൃത്തി നല്കുകയും ചെയ്യേണ്ടതാകുന്നു:

എന്നാൽ, നിവൃത്തിക്കുള്ള അവകാശവാദത്തിന് അടിസ്ഥാന വസ്തുതകൾ സംഭവിച്ച സമയത്ത് വിവാഹത്തിലെ കക്ഷികൾ ക്രിസ്തുമതത്തിൽ വിശ്വാസം പ്രകടിപ്പിച്ചിരുന്നവരായിട്ടുള്ളിടത്ത്, ഈ വകുപ്പിലെ യാതൊന്നും മുൻപറഞ്ഞ കോടതികൾക്ക് അധികാരിതയില്ലാതാക്കുന്നതല്ല.

8. ഹൈക്കോടതിയുടെ അസാധാരണാധികാരിത. — ഹൈക്കോടതിക്ക്, യുക്തമെന്ന് തോന്നുമ്പോഴെല്ലാം, ഈ ആക്ററിൻകീഴിലെ അതിന്റെ അധികാരിതയുടെ അതിർത്തിക്കുള്ളിലുള്ള ഏതെങ്കിലും ജില്ലാ ജഡ്ജിയുടെ കോടതിയിൽ ആരംഭിച്ചിട്ടുള്ള ഏതെങ്കിലും വ്യവഹാരമോ നടപടിയോ നീക്കം ചെയ്യുകയും ആദ്യാധികാരിതയുള്ള ഒരു കോടതിയെന്ന നിലയിൽ വിചാരണചെയ്തു തീർപ്പാക്കുകയും ചെയ്യാവുന്നതാണ്.

വ്യവഹാരങ്ങൾ മാററാനുള്ള അധികാരം. — കൂടാതെ, ഹൈക്കോടതിക്ക്, അങ്ങനെയുള്ള ഏതെങ്കിലും വ്യവഹാരമോ നടപടിയോ പിൻവലിക്കുകയും, അങ്ങനെയുള്ള മറേറതെങ്കിലും ജില്ലാ ജഡ്ജിയുടെ കോടതിയിലേക്ക്, അത് വിചാരണക്കോ തീർച്ചക്കോ ആയി മാററുകയും ചെയ്യാവുന്നതാണ്.

9. ഹൈക്കോടതിയിലേക്കുള്ള റഫറൻസ്. — ഈ ആക്ററിൻകീഴിലുള്ള ഏതെങ്കിലും വ്യവഹാരത്തിന്റെ ഒരു ജില്ലാക്കോടതിയിലെ ഹിയറിങ്ങിന് മുമ്പ് നടപടികളുടെ ഏതെങ്കിലും ഘട്ടത്തിലോ, അല്ലെങ്കിൽ അങ്ങനെയുള്ള വ്യവഹാരത്തിന്റെ ഏതെങ്കിലും പിൻഘട്ടത്തിലോ, അല്ലെങ്കിൽ അതിലെ വിധിയുടേയോ അതിൻമേലുള്ള ഉത്തരവിന്റേയോ നടത്തലിലോ, ഏതെങ്കിലും നിയമപ്രശ്നമോ നിയമപ്രാബല്യമുള്ള ഏതെങ്കിലും വഴക്കം സംബന്ധിച്ച പ്രശ്നമോ ഉദ്ഭവിക്കുമ്പോൾ,

കോടതിക്ക്, സ്വമേധയാ, അല്ലെങ്കിൽ കക്ഷികളിൽ ആരുടേയെങ്കിലും അപേക്ഷയിൻമേൽ, കേസ്സിന്റെ ഒരു വസ്തുതാ വിവരണം തയ്യാറാക്കുകയും, അതിൻമേലുള്ള കോടതിയുടെ സ്വന്തം അഭിപ്രായത്തോടുകൂടി, അത് ഹൈക്കോടതിയുടെ തീരുമാനത്തിന് റഫർ ചെയ്യുകയും ചെയ്യാവുന്നതാണ്.

പ്രശ്നം ഉദ്ഭവിച്ചിട്ടുള്ളത് ഹീയറിങ്ങിനുമുമ്പോ ഹിയറിങ്ങിലോ ആണെങ്കിൽ, ജില്ലാക്കോടതിക്ക് അങ്ങനെയുള്ള നടപടികൾ നിറുത്തിവയ്ക്കു കയോ, അല്ലെങ്കിൽ അങ്ങനെയുള്ള റഫറൻസ് നിലവിലിരിക്കെ കേസ്സിൽ നടപടി തുടരുകയും പ്രശ്നത്തിൻമേലുള്ള ഹൈക്കോടതിയുടെ അഭിപ്രായത്തെ സമാശ്രയിക്കുന്ന ഒരു വിധി പാസ്സാക്കുകയും ചെയ്യാവുന്നതുമാണ്.

ഒരു വിധിയോ ഉത്തരവോ പാസ്സാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ നടത്തൽ അങ്ങനെയുള്ള റഫറൻസിൻമേലുള്ള ഹൈക്കോടതിയുടെ ഉത്തരവ് കിട്ടുന്നതു വരെ നിറുത്തിവയ്ക്കപ്പെടുന്നതാണ്.

## III വിവാഹത്തിന്റെ വിഘടനം

10. <u>ഭർത്താവിന് എപ്പോൾ വിഘടനത്തിന് ഹർജി കൊടുക്കാമെന്ന്.</u>— ഏതു ഭർത്താവിനും, തന്റെ വിവാഹം, അതിന്റെ ആഘോഷത്തിനുശേഷം, തന്റെ ഭാര്യ വ്യഭിചാരത്തിന് അപരാധിയായിട്ടുണ്ടെന്ന കാരണത്തിൻമേൽ വിഘടിത മാക്കണമെന്ന് പ്രാർത്ഥിച്ചുകൊണ്ട് ജില്ലാക്കോടതിയിലേക്കോ ഹൈക്കോടതി യിലേക്കോ ഹർജി ബോധിപ്പിക്കാവുന്നതാണ്.

<u>ഭാര്യയ്ക്ക് എപ്പോൾ വിഘടനത്തിന് ഹർജികൊടുക്കാമെന്ന്.</u> —ഏതു ഭാര്യയ്ക്കും, തന്റെ വിവാഹം, അതിന്റെആഘോഷത്തിനുശേഷം, തന്റെ ഭർത്താവ് ക്രിസ്തുമതത്തിലുള്ള അയാളുടെ വിശ്വാസപ്രകടനത്തിൽ നിന്ന് മററ് വല്ല മതത്തിലുള്ള വിശ്വാസപ്രകടനത്തിലേക്കു മാറിയിരിക്കുകയും, മററൊരു സ്ത്രീയുമായി ഏതെങ്കിലും രൂപത്തിലുള്ള വിവാഹത്തിൽ ഏർപ്പെടു കയും ചെയ്തിട്ടുണ്ടെന്നോ,

അല്ലെങ്കിൽ നിരോധിത ബന്ധത്തിലെ ആളുമായിട്ടുള്ള വ്യഭിചാരത്തിനോ,

അല്ലെങ്കിൽ വ്യഭിചാരത്തോടു കൂടിയ ദ്വിഭാര്യാത്വത്തിനോ,

അല്ലെങ്കിൽ വ്യഭിചാരത്തോടുകൂടിയ, മററൊരു സ്ത്രീയുമായുള്ള വിവാഹ ത്തിനോ,

അല്ലെങ്കിൽ ബലാൽസംഗത്തിനോ പ്രകൃതി വിരുദ്ധസംഗത്തിനോ മൃഗ സംഗത്തിനോ,

അല്ലെങ്കിൽ ഏത് ക്രൂരതയാണോ വ്യഭിചാരം കൂടാതെ തനിക്ക് എ മെൻസാ എത്ത് തോറോ എന്ന വിവാഹമോചനത്തിന് അവകാശം ഉണ്ടാക്കുമായിരുന്നത്, അങ്ങനെയുള്ള ക്രൂരതയും വ്യഭിചാരവും ചേർന്നതിന്നോ,

അല്ലെങ്കിൽ ന്യായമായ കാരണങ്ങൾ കൂടാതെയുള്ള, രണ്ടോ അതിലധികമോ വർഷത്തെ അഭിത്യജനവും വ്യഭിചാരവും ചേർന്നതിനോ,

അപരാധിയായിട്ടുണ്ടെന്നോ, ഉള്ള കാരണത്തിൻമേൽ വിഘടിതമാക്കണ മെന്ന് പ്രാർത്ഥിച്ചുകൊണ്ട് ജില്ലാ കോടതിക്കോ ഹൈക്കോടതിക്കോ ഹർജി ബോധിപ്പിക്കാവുന്നതാണ്.

<u>ഹർജിയുടെ ഉള്ളടക്കം.</u>—അങ്ങനെയുള്ള ഏതൊരു ഹർജിയിലും കേസ്സിന്റെ സ്വഭാവം അനുവദിക്കുന്നിത്ര വ്യക്തമായി അങ്ങനെയുള്ള വിവാഹം വിഘടിത മാക്കുന്നതിനുള്ള അവകാശവാദത്തിന് അടിസ്ഥാനമായ വസ്തുതകൾ, പ്രസ്താവിക്കേണ്ടതാകുന്നു.

11. വ്യഭിചാരം നടത്തിയവൻ കൂട്ട് എതിർകക്ഷി ആയിരിക്കണമെന്ന്.—ഒരു ഭർത്താവ്, ബോധിപ്പിക്കുന്ന അങ്ങനെയുള്ള ഏതെങ്കിലും ഹർജിയിൽ, ഹർജിക്കാരൻ, കോടതി അനുവദിക്കുന്ന താഴെ പറയുന്ന കാരണങ്ങളിലൊന്നിൻമേൽ, അങ്ങനെ ചെയ്യുന്നതിൽനിന്ന് അയാളെ ഒഴിവാക്കാത്തപക്ഷം, വ്യഭിചാരം നടത്തിയവനെന്ന് ആരോപിക്കപ്പെടുന്നവനെ, മേല്പറഞ്ഞ ഹർജിയിൽ കൂട്ട് എതിർകക്ഷിയാക്കേണ്ടതാണ്:—

(1) എതിർകക്ഷി ഒരു വേശ്യയുടെ ജീവിതം നയിക്കുകയാണെന്നും വ്യഭിചാരം നടത്തിയത് ആരുമായാണോ അങ്ങനെയുള്ള ഒരാളേയും ഹർജിക്കാരന് അറിയുകയില്ലെന്നുള്ളത്,

(2) വ്യഭിചാരം നടത്തിയവനെന്ന് ആരോപിക്കപ്പെടുന്നവന്റെ പേര്, അത് കണ്ടുപിടിക്കാൻ താൻ തക്ക ശ്രമങ്ങൾ നടത്തിയെങ്കിലും, ഹർജിക്കാരന് അറിയുകയില്ലെന്നുള്ളത്,

(3) വ്യഭിചാരം നടത്തിയവനെന്ന് ആരോപിക്കപ്പെടുന്നവൻ മരിച്ചുപോയിരിക്കുന്നുവെന്നുള്ളത്.

12. കപടസന്ധിയുടെ അഭാവത്തെക്കുറിച്ച് കോടതിക്ക് ബോദ്ധ്യപ്പെടണമെന്ന്.—ഒരു വിവാഹത്തിന്റെ വിഘടനത്തിനുള്ള, അങ്ങനെയുള്ള ഏതെങ്കിലും ഹർജിയിൻമേൽ, കോടതി, അതിന്, ന്യായമായി കഴിയുന്നിടത്തോളം, പറയപ്പെടുന്ന വസ്തുതകളെക്കുറിച്ച് മാത്രമല്ല മുൻപറഞ്ഞതുപോലെയുള്ള ഏതെങ്കിലും രൂപത്തിലുള്ള വിവാഹത്തിൽ ഏർപ്പെടുന്നതിലോ ആ വ്യഭിചാരത്തിലോ, ഹർജിക്കാരൻ ഏതെങ്കിലും വിധത്തിൽ സഹായിയാവുകയോ, മൗനാനുവാദം നല്കുകയോ അത് മാപ്പാക്കുകയോ ചെയ്തിട്ടുണ്ടോ ഇല്ലയോ, അല്ലെങ്കിൽ അവ ക്ഷമിച്ചിട്ടുണ്ടോ എന്നുംകൂടി സ്വയം ബോദ്ധ്യപ്പെടുത്തുകയും ഹർജിക്കാരനെതിരായി കൊണ്ടുവന്നിട്ടുള്ള ഏതെങ്കിലും എതിർ ചാർജ്ജിനെക്കുറിച്ച് അന്വേഷിക്കുകയും കൂടി ചെയ്യേണ്ടതാകുന്നു.

13. ഹർജി തള്ളിക്കളയുന്നത്.—കോടതിക്ക്, അങ്ങനെയുള്ള ഏതെങ്കിലും ഹർജി സംബന്ധിച്ച തെളിവിൻമേൽ, ഹർജിക്കാരന്റെ കേസ്സ് തെളിയിക്കപ്പെട്ടിട്ടില്ലെന്ന് ബോദ്ധ്യപ്പെടുകയോ, അല്ലെങ്കിൽ പറയപ്പെടുന്ന വ്യഭിചാരം നടത്തിയിട്ടുണ്ടെന്ന് ബോദ്ധ്യപ്പെടാതിരിക്കുകയോ ചെയ്യുകയോ,

അല്ലെങ്കിൽ കോടതി മുൻപറഞ്ഞതുപോലെയുള്ള ഏതെങ്കിലും രൂപത്തിലുള്ള വിവാഹത്തിൽ ഏർപ്പെടുന്നതിലോ വിവാഹത്തിലെ മറ്റേ കക്ഷിയുടെ, ആ വ്യഭിചാരത്തിലോ ഹർജിക്കാരൻ വിവാഹം നിലവിലുണ്ടായിരുന്ന കാലത്ത് സഹായിയാവുകയോ, മൗനാനുവാദം നല്കുകയോ ചെയ്തിട്ടുണ്ടെന്നോ പരാതിപ്പെട്ട വ്യഭിചാരം മാപ്പാക്കിയിട്ടുണ്ടെന്നോ,

അല്ലെങ്കിൽ ഹർജി എതിർകക്ഷികൾ രണ്ടുപേരിൽ ഒരാളുമായി കപടസന്ധിയിൽ ഏർപ്പെട്ടുകൊണ്ടാണ് ബോധിപ്പിക്കുകയോ, നടത്തുകയോ ചെയ്യുന്നതെന്നോ,

കാണുകയോ, ചെയ്യുന്നുവെങ്കിൽ, മുൻപറഞ്ഞ സംഗതികളിൽ, ഏതിലും, കോടതി ഹർജി തള്ളിക്കളയേണ്ടതാകുന്നു.

ഒരു ജില്ലാക്കോടതി ഈ വകുപ്പിൻ കീഴിൽ ഒരു ഹർജി തള്ളിക്കളയുമ്പോൾ ഹർജിക്കാരന് അങ്ങനെയാണെന്നിരുന്നാലും, ഹൈക്കോടതിയിലേക്ക് ഒരു സദൃശഹർജി ബോധിപ്പിക്കാവുന്നതാണ്.

14. വിവാഹം വിഘടിതമാക്കാനുള്ള വിധി പ്രസ്താവിക്കാൻ കോടതിക്കുള്ള അധികാരം.—കോടതിക്ക്, തെളിവിൻമേൽ ഹർജിക്കാരൻെറ കേസ്സ് തെളിയിക്കപ്പെട്ടതായി ബോദ്ധ്യപ്പെടുകയും, കോടതി മുൻപറഞ്ഞതുപോലെയുള്ള ഏതെങ്കിലും രൂപത്തിലുള്ള വിവാഹത്തിൽ ഏർപ്പെടുന്നത ലോ, വിവാഹത്തിലെ മറേറ കക്ഷിയുടെ വ്യഭിചാരത്തിലോ, ഹർജിക്കാരൻ ഏതെങ്കിലും വിധത്തിൽ സഹായിയാവുകയോ മൗനാനുവാദം നല്കുകയോ ചെയ്തിട്ടുണ്ടെന്നോ, പരാതിപ്പെട്ട വ്യഭിചാരം മാപ്പാക്കിയിട്ടുണ്ടെന്നോ,

അല്ലെങ്കിൽ ഹർജി, എതിർകക്ഷികൾ രണ്ടുപേരിൽ ഒരാളുമായി കപടസന്ധിയിൽ ഏർപ്പെട്ടുകൊണ്ടാണ് ബോധിപ്പിക്കുകയോ നടത്തുകയോ ചെയ്യുന്നതെന്നോ,

കാണാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, കോടതി അങ്ങനെയുള്ള വിവാഹബന്ധം 16-ം 17-ം വകുപ്പുകളിൽ ഉണ്ടാക്കുകയും പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ള രീതിയിലും വ്യവസ്ഥയ്ക്കും പരിമിതികൾക്കും എല്ലാം വിധേയമായും, വിഘടിതമായതായി പ്രസ്താവിച്ചുകൊണ്ട് വിധി പ്രസ്താവിക്കേണ്ടതാകുന്നു:

എന്നാൽ കോടതി, വിവാഹം നിലവിലുള്ള കാലത്ത് ഹർജിക്കാരൻ വ്യഭിചാരത്തിന് അപരാധിയായിട്ടുണ്ടെന്ന് കാണുന്നുവെങ്കിലോ,

അല്ലെങ്കിൽ കോടതിയുടെ അഭിപ്രായത്തിൽ ഹർജിക്കാരൻ അങ്ങനെയുള്ള ഹർജി ബോധിപ്പിക്കുന്നതിലോ നടത്തുന്നതിലോ ന്യായമല്ലാത്ത കാലതാമസത്തിനോ,

വിവാഹത്തിലെ മറേറ കക്ഷിയോടുള്ള ക്രൂരതയ്ക്കോ,

പരാതിപ്പെട്ട വ്യഭിചാരത്തിന് മുൻപ്, ന്യായമായ കാരണം കൂടാതെ മറേറ കക്ഷിയെ അഭിത്യജിക്കയോ, മറേറകക്ഷിയിൽനിന്ന് അയാളോ അവളോ മന:പൂർവ്വം വേർപിരിഞ്ഞിരിക്കുകയോ ചെയ്തിട്ടുള്ളതിനോ,

മറേറ കക്ഷിയോടുള്ള എങ്ങനെയുള്ള മന:പൂർവ്വമായ ഉപേക്ഷയോ നടപടിദൂഷ്യമോ ആണോ ആ വ്യഭിചാരത്തിലേക്ക് നയിച്ചിട്ടുള്ളത്, അങ്ങനെയുള്ള ഉപേക്ഷയ്ക്കോ നടപടി ദൂഷ്യത്തിനോ,

അപരാധിയായിട്ടുണ്ടെങ്കിലോ, കോടതി അങ്ങനെയുള്ള വിധി പ്രസ്താവിക്കാൻ ബാദ്ധ്യസ്ഥമായിരിക്കുന്നതല്ല.

മാപ്പാക്കൽ.—യാതൊരു വ്യഭിചാരവും ദാമ്പത്യസഹവാസം പുനരാരംഭിക്കുകയോ തുടരുകയോ ചെയ്തിട്ടുള്ളിടത്തല്ലാത്തപക്ഷം, ഈ ആക്ററിൻെറ അർത്ഥത്തിൽ മാപ്പാക്കിയതായി കരുതപ്പെടുന്നതല്ല.

15 ചില കാരണങ്ങളിൻമേലുള്ള എതിർപ്പിൻെറ സംഗതിയിലെ നിവൃത്തി.—വിവാഹം വിഘടിതമാക്കുന്നതിന് ആരംഭിക്കുന്ന ഏതെങ്കിലും വ്യവഹാരത്തിൽ, ചോദിച്ചിട്ടുള്ള നിവൃത്തിയെ എതിർകക്ഷി, ഭർത്താവ് ആരംഭിക്കുന്ന, അങ്ങനെയുള്ള വ്യവഹാരത്തിൻെറ സംഗതിയിൽ, അയാളുടെ വ്യഭിചാരത്തിൻേറയോ ക്രൂരതയുടേയോ, ന്യായമായ കാരണം കൂടാതെയുള്ള അഭിത്യജനത്തിൻേറയോ കാരണത്തിൻമേലോ, അല്ലെങ്കിൽ ഭാര്യ ആരംഭിക്കുന്ന അങ്ങനെയുള്ള വ്യവഹാരത്തിൻെറ സംഗതിയിൽ, അവളുടെ വ്യഭിചാരത്തിൻേറയും ക്രൂരതയുടേയും കാരണത്തിൻമേലോ, എതിർക്കുന്നുവെങ്കിൽ, കോടതിക്ക് എതിർകക്ഷിക്ക് അങ്ങനെയുള്ള വ്യവഹാരത്തിൽ അയാളുടേയോ അവളുടേയോ അപേക്ഷയിൻമേൽ, അങ്ങനെയുള്ള നിവൃത്തി ചോദിച്ചുകൊണ്ട്, അയാളോ

അവളോ ഒരു ഹർജി ബോധിപ്പിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ, അയാൾക്കോ അവൾക്കോ അവകാശപ്പെട്ടതാകുമായിരുന്ന അതേ നിവൃത്തി നല്കാവുന്നതും, എതിർകക്ഷിക്ക് അങ്ങനെയുള്ള ക്രൂരതയുടേയോ അഭിത്യജനത്തിൻേറയോ അതു സംബന്ധിച്ചതോ ആയ തെളിവ്, നല്കുവാൻ ക്ഷമതയുണ്ടായിരിക്കുന്നതുമാണ്.

16. വിഘടനത്തിനുള്ള വിധികൾ സോപാധികമായിരിക്കണമെന്ന്.—ഹൈക്കോടതി പാസ്സാക്കുന്നതും, ജില്ലാക്കോടതിയുടെ വിധി സ്ഥിരപ്പെടുത്തുന്നതല്ലാത്തതുമായ വിവാഹം വിഘടിതമാക്കാനുള്ള ഏതൊരു വിധിയും, ആദ്യം അത് പ്രസ്താവിക്കുന്നതു മുതൽ ആറുമാസത്തിൽ കുറയാത്തതും ഹൈക്കോടതി അപ്പോഴപ്പോൾ സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി നിർദേശിക്കുന്നതുമായ സമയം കഴിയുന്നതുവരെ നിരുപാധികമാക്കാവുന്നതല്ലാത്തതുമായ ഒരു സോപാധിക വിധി ആയിരിക്കേണ്ടതാകുന്നു.

കപടസന്ധി.—ആ കാലയളവിൽ ഏതൊരാൾക്കും മുൻപറഞ്ഞ വിധി, കപടസന്ധിയാൽ നേടിയിട്ടുള്ളതാണെന്ന കാരണത്താലോ, സാരമായ വസ്തുതകൾ കോടതിമുമ്പാകെ കൊണ്ടുവരാതിരുന്ന കാരണത്താലോ നിരുപാധികമാക്കാൻ പാടില്ലാത്തത് എന്തുകൊണ്ടാണെന്ന് കാരണം കാണിക്കാൻ, ഹൈക്കോടതി അപ്പോഴപ്പോൾ സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി നിർദേശിക്കുന്ന രീതിയിൽ, സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്.

അങ്ങനെ കാരണം കാണിക്കുന്നതിൻമേൽ, കോടതി ആ കേസ്സ്, വിധി നിരുപാധികമാക്കിയോ സോപാധികവിധി മറിച്ചു് വിധിച്ചോ, കൂടുതൽ അന്വേഷണം ആവശ്യപ്പെട്ടോ, നീതി ആവശ്യമാക്കുന്ന മററുവിധത്തിലോ കൈകാര്യം ചെയ്യേണ്ടതാകുന്നു.

ഹൈക്കോടതിക്ക്, വക്കീലിനും സാക്ഷികൾക്കും ഉള്ള ചെലവും, അങ്ങനെ കാരണം കാണിച്ചതിൽനിന്ന് ഉദ്ഭവിക്കുന്ന മററ് ചെലവും, യുക്തമെന്നു തോന്നുന്നതുപോലെ, ഭാര്യയ്ക്ക് പ്രത്യേക വസ്തു ഉണ്ടെങ്കിൽ, അവൾ ഉൾപ്പെടെ കക്ഷികളോ, അവരിൽ ഒരാളോ അതിലധികംപേരോ ആളുകളോ, കൊടുക്കാൻ ഉത്തരവു ചെയ്യാവുന്നതാണ്.

ഒരു സോപാധികവിധി പാസ്സാക്കിയിരിക്കുകയും, ഹർജിക്കാരൻ ന്യായമായ സമയത്തിന്നുള്ളിൽ അങ്ങനെയുള്ള വിധി നിരുപാധികമാക്കുന്നതിന് ആവശ്യപ്പെടാതിരിക്കുകയും ചെയ്യുമ്പോഴെല്ലാം, ഹൈക്കോടതിക്ക് വ്യവഹാരം തള്ളിക്കളയാവുന്നതാണ്.

17. വിഘടനത്തിനുള്ള ജില്ലാ ജഡ്ജിയുടെ വിധിയുടെ സ്ഥിരീകരണം.—ജില്ലാ ജഡ്ജി പാസ്സാക്കുന്ന വിവാഹവിഘടനത്തിനുള്ള ഏതൊരു വിധിയും, ഹൈക്കോടതിയുടെ സ്ഥിരീകരണത്തിനു വിധേയമായിരിക്കുന്നതാണ്.

വിവാഹവിഘടനത്തിനുള്ള വിധിയുടെ സ്ഥിരീകരണത്തിനുള്ള കേസ്സുകൾ, (ഹൈക്കോടതിയിലെ ജഡ്ജിമാരുടെ എണ്ണം മൂന്നോ അതിലധികമോ ആയിട്ടുള്ളിടത്ത്) അങ്ങനെയുള്ള മൂന്നു ജഡ്ജിമാർ അടങ്ങുന്ന കോടതി കേൾക്കേണ്ടതും, അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ ഭൂരിപക്ഷാഭിപ്രായത്തിന് അധിപ്രഭാവമുണ്ടായിരിക്കുന്നതും, അല്ലെങ്കിൽ (ഹൈക്കോടതിയിലെ ജഡ്ജിമാരുടെ എണ്ണം രണ്ടായിട്ടുള്ളിടത്ത്) അങ്ങനെയുള്ള രണ്ടു ജഡ്ജിമാർ അടങ്ങുന്ന കോടതി കേൾക്കേണ്ടതും അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ സീനിയർ ജഡ്ജിയുടെ അഭിപ്രായത്തിന് അധിപ്രഭാവം ഉണ്ടായിരിക്കുന്നതുമാകുന്നു.

കൂടുതൽ അന്വേഷണമോ, കൂടുതൽ തെളിവോ, ആവശ്യകമാണെന്ന് തോന്നുന്നുവെങ്കിൽ, ഹൈക്കോടതിക്ക്, അങ്ങനെയുള്ള അന്വേഷണം നടത്താനോ അങ്ങനെയുള്ള തെളിവ് എടുക്കാനോ നിർദ്ദേശിക്കാവുന്നതാണ്:

അങ്ങനെയുള്ള അന്വേഷണത്തിന്റെ ഫലവും കൂടുതൽ തെളിവും, ജില്ലാ ജഡ്ജി ഹൈക്കോടതിക്ക് സർട്ടിഫൈ ചെയ്തുകൊടുക്കേണ്ടതും, അതോടെ ഹൈക്കോടതി, വിവാഹവിഘടനത്തിനുള്ള വിധി സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവോ യുക്തമെന്നു തോന്നുന്ന മററ് ഉത്തരവോ പാസ്സാക്കേണ്ടതുമാകുന്നു.

എന്നാൽ, യാതൊരു വിധിയും, അതുപ്രസ്താവിച്ചതു മുതൽ ആറുമാസത്തിൽ കുറയാത്തതും, ഹൈക്കോടതി അപ്പോഴപ്പോൾ സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി നിർദ്ദേശിക്കുന്നതുമായ സമയം കഴിയുന്നതുവരെ, ഈ വകുപ്പിൻകീഴിൽ സ്ഥിരപ്പെടുത്താൻ പാടുള്ളതല്ല.

ജില്ലാ ജഡ്ജിയുടെ കോടതിയിൽ വ്യവഹാരം നടന്നുകൊണ്ടിരിക്കുന്നതിനിടയിൽ, വിവാഹത്തിലെ ഏതെങ്കിലും കക്ഷികൾ, വിവാഹമോചനം നേടുന്നതിനുവേണ്ടി കപട സന്ധിയിൽ ഏർപ്പെട്ടുകൊണ്ട് പ്രവർത്തിക്കുകയാണെന്നോ ആയിരുന്നുവെന്നോ സംശയിക്കുന്ന ഏതെങ്കിലും ആൾക്ക് ആ വ്യവഹാരം 8-ാം വകുപ്പിൻകീഴിൽ നീക്കം ചെയ്യാൻ ഹൈക്കോടതിയോട് അപേക്ഷിക്കുന്നതിന്, ഹൈക്കോടതി സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി അപ്പോഴപ്പോൾ നിർദ്ദേശിക്കുന്ന രീതിയിൽ, സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതും, അതോടെ ഹൈക്കോടതി യുക്തമെന്നു തോന്നുന്നുവെങ്കിൽ, അങ്ങനെയുള്ള വ്യവഹാരം നീക്കം ചെയ്യുകയും ആദ്യാധികാരിതയുള്ള കോടതി എന്ന നിലയിൽ വിചാരണ ചെയ്തു തീർപ്പാക്കുകയും ചെയ്യേണ്ടതും, അങ്ങനെ നീക്കം ചെയ്യപ്പെട്ട ഏതൊരു വ്യവഹാരത്തിനും 13-ാം വകുപ്പിൽ അടങ്ങിയ വ്യവസ്ഥകൾ ബാധകമായിരിക്കുന്നതും; അല്ലെങ്കിൽ ഹൈക്കോടതിക്ക് പറയപ്പെടുന്ന കപടസന്ധി സംബന്ധിച്ച്, കേസ്സിന്റെ നീതിക്ക് അനുസൃതമായി വിധി പാസ്സാക്കാൻ ജില്ലാജഡ്ജിക്ക് കഴിവുണ്ടാക്കാൻ ആവശ്യകമായ നടപടികൾ എടുക്കാൻ അദ്ദേഹത്തെ നിർദ്ദേശിക്കാവുന്നതും ആണ്.

17ക. കിങ്ങ്സ് പ്രോക്ടറുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കുവാൻ ഉദ്യോഗസ്ഥനെ നിയമിക്കൽ.—ഏത് സ്റേറററിനുള്ളിലാണോ ഏതെങ്കിലും ഹൈക്കോടതി അധികാരിത പ്രയോഗിക്കുന്നത്, ആ സ്റേറററിലെ ഗവൺമെൻറിന് ആ സ്റേറററിലെ ഹൈക്കോടതിയുടെ അധികാരിതയ്ക്കുള്ളിൽ, വിവാഹവിഘടനത്തിനുള്ള ഒരു വിധി, അതതുസംഗതിപോലെ, നിരുപാധികമാക്കാൻ പാടില്ലാത്തതോ സ്ഥിരപ്പെടുത്താൻ പാടില്ലാത്തതോ എന്തുകൊണ്ടാണെന്ന് കാരണം കാണിക്കുവാൻ ഇംഗ്ലണ്ടിൽ കിങ്ങ്സ് പ്രോക്ടർക്ക് പ്രയോഗിക്കാവുന്നതുപോലെയുള്ള അവകാശമുണ്ടായിരിക്കുന്ന ഒരു ഉദ്യോഗസ്ഥനെ നിയമിക്കാവുന്നതും, മുൻപറഞ്ഞ ഗവൺമെൻറിന് ആ അവകാശം പ്രയോഗിക്കേണ്ടരീതിയും ആ അവകാശത്തിന്റെ ഏതെങ്കിലും പ്രയോഗത്തിന് ആനുഷംഗികമോ അനന്തരഫലമായുള്ളതോ ആയ എല്ലാ വിഷയങ്ങളും ക്രമപ്പെടുത്തിക്കൊണ്ടുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതും ആണ്.

## IV വിവാഹത്തിന്റെ അകൃതത

18. അകൃതതാവിധിക്കുള്ള ഹർജി.—ഏതെങ്കിലും ഭർത്താവിനോ ഭാര്യയ്ക്കോ, അയാളുടെയോ അവളുടെയോ വിവാഹം അകൃതവും ശൂന്യവുമാണെന്ന് പ്രഖ്യാപിക്കണമെന്ന് പ്രാർത്ഥിച്ചുകൊണ്ടുള്ള ഒരു ഹർജി ജില്ലാ കോടതിയിലോ ഹൈക്കോടതിയിലോ ബോധിപ്പിക്കാവുന്നതാണ്,

19 വിധിക്കുള്ള കാരണങ്ങൾ.—അങ്ങനെയുള്ള വിധി താഴെപറയുന്ന കാരണങ്ങളിൽ ഏതിൻമേലെങ്കിലും പാസ്സാക്കാവുന്നതാണ്:—

(1) വിവാഹസമയത്തും വ്യവഹാരം കൊടുക്കുന്ന സമയത്തും എതിർ കക്ഷി ലൈംഗികസംഗത്തിന് അശക്തനായിരുന്നുവെന്നുള്ളത്;

(2) കക്ഷികൾ നിരോധിതരക്തബന്ധത്തിൻേറയോ (സ്വാഭാവികമായതോ നിയമാനുസൃതമോ ആയാലും) നിരോധിത വിവാഹബന്ധുത്വത്തിൻേറയോ ഡിഗ്രികളിൽ പെടുന്നവരാണെന്നുള്ളത്;

(3) വിവാഹസമയത്ത് ഇരുകക്ഷികളിൽ ആരെങ്കിലും ചിത്തഭ്രമമുള്ള ആളോ ജഡബുദ്ധിയോ ആയിരുന്നുവെന്നുള്ളത്;

(4) വിവാഹസമയത്ത് ഇരുകക്ഷികളിൽ ആരുടേയെങ്കിലും മുൻഭർത്താവോ മുൻഭാര്യയോ ജീവിച്ചിരിപ്പുണ്ടായിരിക്കുകയും അങ്ങനെയുള്ള മുൻഭർത്താവുമായോ മുൻഭാര്യയുമായോ ഉള്ള വിവാഹം അപ്പോൾ ബലത്തിലുണ്ടായിരിക്കുകയും ചെയ്തിരുന്നുവെന്നുള്ളത്.

ഈ വകുപ്പിലെ യാതൊന്നും, ഇരു കക്ഷികളിൽ ആരുടേയെങ്കിലും സമ്മതം, ബലപ്രയോഗത്താലോ വഞ്ചനയാലോ നേടിയതാണെന്നുള്ള കാരണത്തിൻമേൽ വിവാഹാകൃതതാവിധികൾ പാസ്സാക്കാനുള്ള ഹൈക്കോടതിയുടെ അധികാരിതയെ ബാധിക്കുന്നതല്ല.

20. ജില്ലാ ജഡ്ജിയുടെ വിധിയുടെ സ്ഥിരീകരണം.—ജില്ലാ ജഡ്ജി പാസ്സാക്കുന്ന, ഏതൊരു വിവാഹാകൃതതാവിധിയും ഹൈക്കോടതിയുടെ സ്ഥിരീകരണത്തിന് വിധേയമായിരിക്കുന്നതും, 17-ാം വകുപ്പ് 1-ം, 2-ം, 3-ം, 4-ം ഖണ്ഡങ്ങളിലെ വ്യവസ്ഥകൾ, ആവശ്യമുള്ള മാററങ്ങളോടെ അങ്ങനെയുള്ള വിധികൾക്ക് ബാധകമായിരിക്കുന്നതുമാണ്.

21. അകൃതമാക്കിയ വിവാഹത്തിലെ കുട്ടികൾ.—മുൻഭർത്താവോ മുൻഭാര്യയോ ജീവിച്ചിരിപ്പുണ്ടായിരുന്നു എന്ന് കാരണത്തിൻമേൽ ഒരു വിവാഹം അകൃതമാക്കുകയും, ഉത്തമവിശ്വാസപൂർവ്വവും, മുൻഭർത്താവോ മുൻഭാര്യയോ മരിച്ചു പോയിരുന്നുവെന്ന കക്ഷികളുടെ പൂർണ്ണവിശ്വാസത്തോടേയും ആണ്, പിന്നീടുള്ള വിവാഹം ഉണ്ടായതെന്നു വിധിക്കുകയും ചെയ്തിട്ടുള്ളിടത്തോ, അല്ലെങ്കിൽ ചിത്തഭ്രമത്തിൻെറ കാരണത്തിൻമേൽ ഒരു വിവാഹം അകൃതമാക്കുമ്പോഴോ, വിധി പാസ്സാക്കുന്നതിനു മുൻപ് ജനിച്ച കുട്ടികളെ വിധിയിൽ വിനിർദ്ദേശിക്കേണ്ടതും, അവർക്ക് വ്യവഹാരസമയത്ത് കോൺട്രാക്ററ് ചെയ്യാൻ ക്ഷമത ഉണ്ടായിരുന്ന പിതാവിൻേറയോ മാതാവിൻേറയോ എസ്റേററിനുള്ള പിന്തുടർച്ചയ്ക്കു നിയമാനുസൃതവേഴ്ചയിലുണ്ടായ കുട്ടികൾ എന്നപോലെയുള്ള അതേ രീതിയിൽ അവകാശമുണ്ടായിരിക്കുന്നതും ആകുന്നു.

## V. ജുഡീഷ്യലായുള്ള വേർപെടുത്തൽ

22. എ മെൻസാ എത്ത് തോറോ എന്ന വിവാഹമോചനവിധിക്ക് തടസ്സം; എന്നാൽ ഭർത്താവിനോ ഭാര്യക്കോ ജുഡീഷ്യലായുള്ള വേർപെടുത്തൽ നേടാവുന്നതാണെന്ന്.—ഇതിനുശേഷം എ മെൻസാ എത്ത് തോറോ എന്ന വിവാഹമോചനത്തിനുള്ള യാതൊരു വിധിയും പാസ്സാക്കാൻ പാടില്ലാത്തതും, എന്നാൽ, ഭർത്താവിനോ ഭാര്യക്കോ വ്യഭിചാരത്തിൻേറയോ ക്രൂരതയുടേയോ ന്യായമായ കാരണം കൂടാതെയുള്ള രണ്ടോ അതിലധികമോ വർഷത്തെ അഭിത്യജനത്തിൻേറയോ കാരണത്തിൻമേൽ ജുഡീഷ്യലായുള്ള വേർപെടുത്തലിനുള്ള വിധി നേടാവുന്നതും, അങ്ങനെയുള്ള വിധിക്ക് നിലവിലുള്ള നിയമപ്രകാരം,

ന്റ്റ് മെൻസാ എത്ത് തോറോ എന്ന വിവാഹമോചനത്തിന്റെ പ്രഭാവവും, ഇതിൽ
ഇതിനുശേഷം പറയുന്നതുപോലെയുള്ള മററ് നിയമപ്രഭാവവും, ഉണ്ടായിരിക്കു
ന്നതുമാകുന്നു.

23. വേർപെടുത്തലിനുള്ള അപേക്ഷ ഹർജിവഴി കൊടുക്കുന്നത്.—
മുൻപറഞ്ഞ കാരണങ്ങളിൽ ഏതിൻമേലെങ്കിലും ജുഡീഷ്യലായുള്ള വേർപെടുത്ത
ലിനുള്ള അപേക്ഷ ഭർത്താവിനോ ഭാര്യയ്ക്കോ ജില്ലാക്കോടതിയിലേക്കോ
ഹൈക്കോടതിയിലേക്കോ ഉള്ള ഹർജിവഴി കൊടുക്കാവുന്നതും, കോടതിക്ക്
അങ്ങനെയുള്ള ഹർജിയിൽ പറഞ്ഞിരിക്കുന്ന പ്രസ്താവനകൾ സത്യമാണെന്നും,
അപേക്ഷ അനുവദിക്കാതിരിക്കുന്നതിന് നിയമപരമായ യാതൊരു കാരണവും
ഇല്ലെന്നും ബോദ്ധ്യപ്പെടുന്നതിൻമേൽ, അതനുസരിച്ച് ജുഡീഷ്യലായുള്ള
വേർപെടുത്തലിന് വിധിക്കാവുന്നതുമാണ്.

24. പിന്നീട് ആർജ്ജിക്കുന്ന വസ്തു സംബന്ധിച്ച് വേർപെടുത്ത
പ്പെട്ട ഭാര്യ അവിവാഹിതസ്ത്രീയായി കരുതപ്പെടുമെന്ന്.—ഈ ആക്ടിൻ
കീഴിലെ ജുഡീഷ്യലായുള്ള വേർപെടുത്തലിന്റെ ഏതൊരു സംഗതിയിലും,
വിധിത്തീയതിമുതല്ക്കും, വേർപെടുത്തൽ തുടരുന്ന കാലത്തോളവും ഭാര്യ,
താൻ ആർജ്ജിക്കുന്നതോ, തനിക്ക് വന്നുചേരുന്നതോ തന്നിലേക്ക് സംക്രമി
ക്കുന്നതോ ആയ ഏതൊരു വിവരണത്തിലുമുള്ള വസ്തു സംബന്ധിച്ചും
അവിവാഹിതയായി പരിഗണിക്കപ്പെടുന്നതാകുന്നു.

അങ്ങനെയുള്ള വസ്തു, അവൾക്ക് ഒരു അവിവാഹിതയായ സ്ത്രീയെ
പോലെ, എല്ലാ വിധത്തിലും വ്യയനം ചെയ്യാവുന്നതും, അവൾ മരിക്കുന്ന
തോടെ, അത്, അവൾ മരണശാസനം കൂടാതെ മരിക്കുന്ന സംഗതിയിൽ,
അവളുടെ ഭർത്താവ്, അപ്പോൾ മരിച്ചുപോയിട്ടുണ്ടായിരുന്നെങ്കിൽ ഏങ്ങനെ
പോകുമായിരുന്നുവോ, അങ്ങനെ പോകുന്നതുമാകുന്നു :

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും ഭാര്യ അവളുടെ ഭർത്താവുമായി
വീണ്ടും സഹവസിക്കുന്നുവെങ്കിൽ, അങ്ങനെയുള്ള സഹവാസം ഉണ്ടാകു
മ്പോൾ, അവൾക്ക് അവകാശപ്പെട്ടിരിക്കുന്ന എല്ലാവസ്തുവും, അവളുടെ
വേറെയുള്ള ഉപയോഗത്തിനുള്ളതായി വച്ചുപോരേണ്ടതും, എന്നാൽ, ഇത്
അവളും അവളുടെ ഭർത്താവും തമ്മിൽ വേർപെട്ടിരിക്കുമ്പോൾ ഉണ്ടാക്കിയിട്ടുള്ള
ഏതെങ്കിലും ലിഖിതമായ കരാറിനു വിധേയമായിരിക്കുന്നതും ആകുന്നു.

25. കാൺട്രാക്റ്റിന്റെയും വ്യവഹാരം കൊടുക്കുന്നതിന്റെയും ആവശ്യ
ത്തിന് വേർപെടുത്തപ്പെട്ട ഭാര്യ അവിവാഹിതയായി കരുതപ്പെടുമെന്ന്.—ഈ
ആക്റ്റിൻകീഴിലെ ജുഡീഷ്യൽ വേർപെടുത്തലിന്റെ ഏതൊരുസംഗതിയിലും,
അപ്രകാരം വേർപെടുത്തപ്പെട്ടിരിക്കുമ്പോൾ ഭാര്യ കാൺട്രാക്റ്റിന്റെയും,
അപകൃത്യങ്ങളുടേയും ക്ഷതികളുടേയും, ഏതെങ്കിലും സിവിൽ നടപടിയിൽ
വ്യവഹരിക്കുകയും തനിക്കെതിരായി വ്യവഹാരം ചെയ്യുന്നതിന്റെയും,
ആവശ്യത്തിന് അവിവാഹിതയായ സ്ത്രീയായി കണക്കാക്കപ്പെടുന്നതും, വേർ
പെട്ടിരിക്കുമ്പോൾ, അവൾ ഏർപ്പെട്ട ഏതെങ്കിലും കാൺട്രാക്റ്റോ, ചെയ്തതോ
ചെയ്യാനിരിക്കുന്നതോ ആയ ഏതെങ്കിലും കൃത്യമോ, നേരിട്ട ഏതെങ്കിലും
കോടതിച്ചെലവോ സംബന്ധിച്ച് അവളുടെ ഭർത്താവ് ബാദ്ധ്യസ്ഥനല്ലാ
ത്തതും ആകുന്നു:

എന്നാൽ, അങ്ങനെയുള്ള ജുഡീഷ്യലായുള്ള ഏതെങ്കിലും വേർപെടുത്ത
ലിന്മേൽ, ഭാര്യയ്ക്ക് ജീവനാംശം കൊടുക്കാൻ വിധിയോ ഉത്തരവോ ഉണ്ടായി
രിക്കുകയും, അത് ഭർത്താവ് മുറപ്രകാരം കൊടുക്കാതിരിക്കുകയും ചെയ്യുന്നി
ടത്ത്, അയാൾ അവളുടെ ഉപയോഗത്തിന് നല്കപ്പെട്ടിട്ടുള്ള ആവശ്യക
സാധനങ്ങൾ സംബന്ധിച്ച് ബാദ്ധ്യസ്ഥനായിരിക്കുന്നതാണ് ;

എന്നുമാത്രമല്ല, തനിക്കും തന്റെ ഭർത്താവിനും കൂടി നല്കിയിട്ടുള്ള ഏതെങ്കിലും കൂട്ടധികാരം പ്രയോഗിക്കുന്നതിൽ അങ്ങനെ വേർപെട്ടിരിക്കുമ്പോൾ ഏതെങ്കിലും സമയത്ത്, പങ്കുചേരുന്നതിൽനിന്ന് യാതൊന്നും ഭാര്യയെ തടയുന്നതല്ല.

## വേർപെടുത്തൽ വിധി മറിച്ചു വിധിക്കൽ

26. ഭർത്താവിന്റേയോ ഭാര്യയുടേയോ അഭാവത്തിൽ നേടിയ വേർപെടുത്തൽ വിധി മറിച്ചു വിധിക്കാമെന്ന് — അതതു സംഗതിപോലെ, ഏതൊരാളുടെ ഭാര്യയുടേയോ ഭർത്താവിന്റേയോ അപേക്ഷയിന്മേലാണോ ഒരു ജുഡീഷ്യലായ വേർപെടുത്തലിനുള്ള ഒരു വിധി പ്രസ്താവിച്ചിട്ടുള്ളത്, ആ ആളുടെ ഭർത്താവിനോ ഭാര്യയ്ക്കോ, അതിനുശേഷം ഏതെങ്കിലും സമയത്ത്, അയാളുടെ അല്ലെങ്കിൽ അവളുടെ അഭാവത്തിലാണ് അതു നേടിയതെന്നും, അങ്ങനെയുള്ള വിധിക്കുള്ള കാരണം അഭിത്യജനം ആയിരിക്കുന്നിടത്ത്, ആ പറയപ്പെട്ട അഭിത്യജനത്തിന് ന്യായമായ കാരണമുണ്ടായിരുന്നുവെന്നും, ഉള്ള കാരണത്തിന്മേൽ, അങ്ങനെയുള്ള വിധി മറിച്ചുവിധിക്കാൻ പ്രാർത്ഥിച്ചുകൊണ്ട് ആ വിധി പ്രസ്താവിച്ച കോടതിയിൽ, ഹർജി ബോധിപ്പിക്കാവുന്നതാണ്.

കോടതിക്ക് അങ്ങനെയുള്ള ഹർജിയിൽ പറഞ്ഞിട്ടുള്ളവ സത്യമാണെന്നു ബോദ്ധ്യപ്പെടുന്നതിന്മേൽ, അതനുസരിച്ച് ആ വിധി മറിച്ചുവിധിക്കാവുന്നതാണ്. എന്നാൽ, അങ്ങനെയുള്ള മറിച്ചുവിധിക്കൽ അങ്ങനെ വിധിച്ചിട്ടില്ലായിരുന്നുവെങ്കിൽ വേർപെടുത്തൽ വിധിയുടെ സമയത്തിനും, അതിന്റെ മറിച്ചുവിധിക്കലിന്റെ സമയത്തിനുമിടയ്ക്ക്, ഭാര്യക്ക് ഉണ്ടായ കടങ്ങളോ, അവൾ ഏർപ്പെട്ട കാൺട്രാക്ററുകളോ, ചെയ്ത കൃത്യങ്ങളോ സംബന്ധിച്ച് മറേറതെങ്കിലും ആൾക്ക് ഉണ്ടാകുമായിരുന്ന അവകാശങ്ങൾക്കോ പരിഹാരങ്ങൾക്കോ ഭംഗംവരുത്തുകയോ, അവയെ ബാധിക്കുകയോ ചെയ്യുന്നതല്ല.

## VI രക്ഷണ ഉത്തരവുകൾ.

27. അഭിത്യജിക്കപ്പെട്ട ഭാര്യയ്ക്ക് രക്ഷണത്തിന് കോടതിയോട് അപേക്ഷിക്കാമെന്ന്.—ഇന്ത്യൻ പിൻതുടർച്ച ആക്ററ്, 1865 (1865-ലെ 10) ന്റെ 4-ാം വകുപ്പ് ബാധകമാകാത്ത ഏതെങ്കിലും ഭാര്യയ്ക്ക് ഭർത്താവിനാൽ അഭിത്യജിക്കപ്പെടുമ്പോൾ, അങ്ങനെയുള്ള അഭിത്യജനത്തിനുശേഷം താൻ ആർജ്ജിച്ചിട്ടുള്ളതോ ആർജ്ജിക്കുന്നതോ ആയ ഏതെങ്കിലും വസ്തുവും, തനിക്ക് കൈവശം കിട്ടിയിട്ടുള്ളതോ, കൈവശം കിട്ടുന്നതോ ആയ ഏതെങ്കിലും വസ്തുവും, തന്റെ ഭർത്താവിൽനിന്നോ, അയാളുടെ ഉത്തമർണ്ണൻമാരിൽനിന്നോ, അയാളുടെ കീഴിൽ അവകാശപ്പെടുന്ന ഏതെങ്കിലും ആളിൽ നിന്നോ, രക്ഷണത്തിനുള്ള ഉത്തരവിന്, അങ്ങനെയുള്ള അഭിത്യജനത്തിനുശേഷം ഏതു സമയത്തും, ജില്ലാക്കോടതിയിലോ ഹൈക്കോടതിയിലോ ഹർജി ബോധിപ്പിക്കാവുന്നതാണ്.

28. കോടതിക്ക് രക്ഷണ ഉത്തരവ് നല്കാമെന്ന്.—അങ്ങനെയുള്ള അഭിത്യജനത്തിന്റെ വസ്തുതയും, അത് ന്യായമായ കാരണം കൂടാതെ ആയിരുന്നുവെന്നും, ഭാര്യ തന്റെ സ്വന്തം പരിശ്രമമോ, വസ്തുവോ വഴി സ്വയം സംരക്ഷിച്ചുപോരുകയാണെന്നുമുള്ളതും ബോദ്ധ്യപ്പെടുന്നുവെങ്കിൽ, കോടതിക്ക്, അവളുടെ സമ്പാദ്യങ്ങളും മററു വസ്തുക്കളും, അവളുടെ ഭർത്താവിൽ നിന്നും അയാളുടെ കീഴിൽ അവകാശപ്പെടുന്ന എല്ലാ ഉത്തമർണ്ണൻമാരിലും

[illegible]

29. [illegible]

30. [illegible]

31. [illegible]

## VII. [illegible]

32. [illegible]

33. ഹർജിക്ക് മറുപടി.—ജുഡീഷ്യലായുള്ള വേർപെടുത്തലിനുള്ള ഒരു വ്യവഹാരത്തിനോ, ഒരു വിവാഹ അകൃതാവിധിക്കോ കാരണമാകാത്ത യാതൊന്നും, ദാമ്പത്യാവകാശങ്ങളുടെ പുന:സ്ഥാപനത്തിനുള്ള ഒരു ഹർജിക്ക് മറുപടിയായി വാദിക്കാൻ പാടുള്ളതല്ല.

## VIII. നഷ്ടപരിഹാരവും കോടതിച്ചെലവും

34. ഭർത്താവിന്, വ്യഭിചരിച്ചവനിൽനിന്ന് നഷ്ടപരിഹാരം അവകാശപ്പെടാമെന്ന്.—ഏതെങ്കിലും ഭർത്താവിന്, വിവാഹത്തിന്റെ വിഘടനത്തിനുള്ളതോ, ജുഡീഷ്യൽ വേർപെടുത്തലിനുള്ളതോ ആയ ഒരു ഹർജിയിലോ അല്ലെങ്കിൽ ഏതെങ്കിലും ആളിൽനിന്ന്, അയാൾ അങ്ങനെയുള്ള ഹർജിക്കാരന്റെ ഭാര്യയുമായി വ്യഭിചാരം നടത്തിയിട്ടുണ്ടെന്ന കാരണത്തിൻമേൽ നഷ്ടപരിഹാരം അവകാശപ്പെടുന്ന ഉദ്ദേശ്യത്തിന് മാത്രമായി പരിമിതിപ്പെടുത്തിക്കൊണ്ട് ജില്ലാക്കോടതിയിലോ ഹൈക്കോടതിയിലോ കൊടുക്കുന്ന ഒരു ഹർജിയിലോ, അങ്ങനെയുള്ള നഷ്ടപരിഹാരത്തിന് അവകാശപ്പെടാവുന്നതാകുന്നു.

അങ്ങനെയുള്ള ഹർജി, കോടതി, വ്യഭിചരിച്ചവൻ എന്നു പറയപ്പെടുന്നവനും ആ ഭാര്യയ്ക്കും നടത്തുന്നത് വേണ്ടെന്നു വയ്ക്കുകയോ, അല്ലെങ്കിൽ പകരം മററ് വല്ലതരം നടത്തലും നിദേശിക്കുകയോ ചെയ്യാത്തപക്ഷം, വ്യഭിചരിച്ചവൻ എന്നു പയപ്പെടുന്നവനും ആ ഭാര്യക്കും നടത്തേണ്ടതാകുന്നു.

എതിർകക്ഷികളോ, ആ ഇരുവരിൽ ആരെങ്കിലുമോ ഹാജരാകുന്നില്ലെന്നിരുന്നാലും, മുൻപറഞ്ഞ കോടതി, അങ്ങനെയുള്ള ഏതെങ്കിലും ഹർജിയിൻമേൽ വസൂലാക്കപ്പെടേണ്ട നഷ്ടപരിഹാരം തിട്ടപ്പെടുത്തേണ്ടതാകുന്നു.

തീരുമാനം നല്കിക്കഴിഞ്ഞതിനുശേഷം, അങ്ങനെയുള്ള നഷ്ടപരിഹാരം കൊടുക്കുകയോ വിനിയോഗിക്കുകയോ ചെയ്യേണ്ടത് ഏതു രീതിയിലാണെന്ന് കോടതിക്ക് നിദേശിക്കാവുന്നതാണ്.

35. കോടതിച്ചെലവ് കൊടുക്കാൻ വ്യഭിചരിച്ചവനോട് ഉത്തരവ് ചെയ്യാനുള്ള അധികാരം.—ഒരു ഭർത്താവ് ബോധിപ്പിക്കുന്ന ഏതെങ്കിലും ഹർജിയിൽ വ്യഭിചരിച്ചവനായി പറയപ്പെടുന്നവനെ കൂട്ടു-എതിർകക്ഷിയാക്കിയിരിക്കുകയും, വ്യഭിചാരം സ്ഥാപിക്കപ്പെട്ടിരിക്കുകയും ചെയ്യുമ്പോഴെല്ലാം നടപടികളുടെ കോടതിച്ചെലവ് മുഴുവനുമോ അതിന്റെഏതെങ്കിലും ഭാഗമോ കൊടുക്കാൻ കൂട്ടു-എതിർകക്ഷിയോട് കോടതിക്ക് ഉത്തരവ് ചെയ്യാവുന്നതാണ്:

എന്നാൽ—

(1) ആ വ്യഭിചാരത്തിന്റെ സമയത്ത് എതിർകക്ഷി, അവളുടെ ഭർത്താവിൽ നിന്ന് വേറെയായി താമസിക്കുകയും ഒരു വേശ്യയുടെ ജീവിതം നയിക്കുകയും ചെയ്യുക ആയിരുന്നുവെങ്കിലോ,

(2) എതിർകക്ഷി വിവാഹിതയായ സ്ത്രീയാണെന്നു വിശ്വസിക്കുവാൻ ആ വ്യഭിചാരത്തിന്റെ സമയത്ത് കൂട്ടു-എതിർകക്ഷിക്ക് കാരണം ഉണ്ടായിരുന്നില്ലെങ്കിലോ,

ഹർജിക്കാരന്റെ കോടതിച്ചെലവു കൊടുക്കാൻ കൂട്ടു-എതിർകക്ഷിയോട് ഉത്തരവു ചെയ്യാൻ പാടുള്ളതല്ല.

ഇടപെടുന്നവനായ വ്യവഹാരശീലനോട് കോടതിച്ചെലവ് കൊടുക്കാൻ ഉത്തരവ് ചെയ്യുവാനുള്ള അധികാരം.—17-ാം വകുപ്പിൻ കീഴിൽ ഏതെങ്കിലും അപേക്ഷ കൊടുത്തിരിക്കുമ്പോഴെല്ലാം, അപേക്ഷകന് ഇടപെടാൻ കാരണങ്ങളോ മതിയായ കാരണങ്ങളോ ഉണ്ടായിരുന്നില്ലെന്ന് തോന്നുന്നുവെങ്കിൽ

കോടതിയ്ക്ക് അയാളോട് ആ അപേക്ഷമൂലം ഉണ്ടായ കോടതിച്ചെലവുകൾ മുഴുവനുമോ അതിന്റെ ഏതെങ്കിലും ഭാഗമോ കൊടുക്കാൻ ഉത്തരവു ചെയ്യാവുന്നതാണ്.

## IX. ജീവനാംശം

36. വ്യവഹാരം നിലവിലുള്ള കാലത്തെ ജീവനാംശം.—ഈ ആക്ററിൻ കീഴിലെ ഏതെങ്കിലും വ്യവഹാരത്തിൽ, അത് ഭർത്താവോ ഭാര്യയോ ആരംഭിച്ചതായാലും, ഭാര്യ ഒരു സംരക്ഷണ ഉത്തരവ് നേടിയിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും, അവൾക്ക് വ്യവഹാരം നിലവിലുള്ള കാലത്തെ ജീവനാംശത്തിനായി ഹർജി ബോധിപ്പിക്കാവുന്നതാണ്.

അങ്ങനെയുള്ള ഹർജി ഭർത്താവിന് നടത്തേണ്ടതും, കോടതിക്ക് അതിൽ അടങ്ങുന്ന പ്രസ്താവനകൾ സത്യമാണെന്ന് ബോദ്ധ്യപ്പെടുന്നതിൻമേൽ, വ്യവഹാരം നിലവിലുള്ള കാലത്ത് ഭാര്യയ്ക്ക് ന്യായമെന്ന് കരുതുന്ന ജീവനാംശം കൊടുക്കാൻ ഭർത്താവിനോട് ന്യായമെന്ന് കരുതുന്ന ഉത്തരവു ചെയ്യാവുന്നതാണ്.

എന്നാൽ, വ്യവഹാരം നിലവിലുള്ള കാലത്തെ ജീവനാംശം യാതൊരു സംഗതിയിലും, ഉത്തരവ് തീയതിക്ക് തൊട്ടുമുമ്പുള്ള മൂന്നുവർഷത്തെ, ഭർത്താവിന്റെ ശരാശരി അററാദായത്തിന്റെ അഞ്ചിലൊന്നിൽ കവിയാൻ പാടില്ലാത്തതും, വിവാഹ വിഘടന വിധിയുടേയോ വിവാഹ അകൃതാവിധിയുടേയോ സംഗതിയിൽ, അതതു സംഗതിപോലെ, വിധി നിരുപാധികമാക്കുകയോ സ്ഥിരപ്പെടുത്തുകയോ ചെയ്യുന്നതുവരെ തുടരേണ്ടതും ആകുന്നു.

37. സ്ഥിരജീവനാംശം ഉത്തരവ് ചെയ്യുവാനുള്ള അധികാരം.—ഹൈക്കോടതിക്ക്, യുക്തമെന്നു തോന്നുന്നുവെങ്കിൽ, വിവാഹം വിഘടിതമായതായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഏതെങ്കിലും നിരുപാധിക വിധിയിൻമേലും, അല്ലെങ്കിൽ ഭാര്യ നേടിയ ഏതെങ്കിലും ജുഡീഷ്യൽ വേർപെടുത്തൽ വിധിയിൻമേലും,

ജില്ലാ ജഡ്ജിക്ക്, യുക്തമെന്നു തോന്നുന്നുവെങ്കിൽ വിവാഹം വിഘടിതമായതായി പ്രഖ്യാപിച്ചുകൊണ്ടുള്ളു തന്റെ ഏതെങ്കിലും വിധിയുടെ സ്ഥിരീകരണത്തിൻമേലും അല്ലെങ്കിൽ ഭാര്യനേടിയ ഏതെങ്കിലും ജുഡീഷ്യൽ വേർപെടുത്തൽ വിധിയിൻമേലും,

ഭർത്താവ് ഭാര്യയ്ക്ക്, അവളുടെ സ്വന്തം ജീവിതകാലത്തിൽ കവിയാത്ത ഏതെങ്കിലും കാലത്തേക്ക്, അവളുടെ സ്വത്തും (വല്ലതും ഉണ്ടെങ്കിൽ) ഭർത്താവിന്റെ കഴിവും കക്ഷികളുടെപെരുമാററവും പരിഗണനയിലെടുത്തുകൊണ്ട്, ന്യായമെന്നു തോന്നുന്ന മൊത്തം തുകയ്ക്കോ വാർഷികത്തുകയ്ക്കോ കോടതിക്ക് ബോദ്ധ്യപ്പെടുന്നവിധം ഈടു നല്കണമെന്ന് ഉത്തരവു ചെയ്യാവുന്നതും, ആ ആവശ്യത്തിലേക്ക് എല്ലാ ആവശ്യകകക്ഷികളെക്കൊണ്ടും തക്ക പ്രകാരം ഒപ്പിട്ടുപൂർത്തീകരിപ്പിക്കേണ്ടതും ആകുന്നു.

പ്രതിമാസമോ പ്രതിവാരമോ ആയി പണം കൊടുക്കാൻ ഉത്തരവു ചെയ്യുവാനുള്ള അധികാരം.—അങ്ങനെയുള്ള ഏതൊരു സംഗതിയിലും, കോടതിക്ക്, ഭാര്യയ്ക്ക്, അവളുടെ സംരക്ഷണത്തിനും ജീവസന്ധാരണത്തിനും ആയി ന്യായമെന്നു തോന്നുന്ന പ്രതിമാസത്തുകകളോ പ്രതിവാരത്തുകകളോ കൊടുക്കാൻ ഭർത്താവിനോട് ഉത്തരവ് ചെയ്യാവുന്നതാണ്.

എന്നാൽ, പിന്നീട് ഏതെങ്കിലും കാരണത്താൽ അങ്ങനെയുള്ള തുകകൾ കൊടുക്കാൻ ഭർത്താവിനു കഴിവില്ലാതെ വരുന്നുവെങ്കിൽ, കോടതി യുക്തമെന്നു തോന്നുന്നതുപോലെ, ആ ഉത്തരവ് റദ്ദാക്കുകയോ രൂപഭേദപ്പെടുത്തുകയോ, അല്ലെങ്കിൽ അത്, അപ്രകാരം കൊടുക്കാൻ ഉത്തരവായ പണം മുഴുവനുമോ അതിന്റെ ഏതെങ്കിലും ഭാഗമോ സംബന്ധിച്ച് താൽക്കാലികമായി നിറുത്തിവയ്ക്കുകയോ വീണ്ടും അതേ ഉത്തരവ് മുഴുവനുമായോ ഭാഗികമായോ പുനരുജ്ജീവിപ്പിക്കുകയോ ചെയ്യുന്നതും നിയമാനുസൃതമായിരിക്കുന്നതുമാണ്.

38. ജീവനാംശം ഭാര്യയ്ക്കോ അവളുടെ ട്രസ്ററിക്കോ കൊടുക്കാൻ കോടതിക്ക് നിദേശിക്കാമെന്ന്.— ജീവനാംശത്തിനുള്ള ഏതെങ്കിലും വിധിയോ ഉത്തരവോ പാസ്സാക്കുന്ന എല്ലാ സംഗതികളിലും, കോടതിക്ക്, അത് ഭാര്യയ്ക്ക് തന്നെയോ, അല്ലെങ്കിൽ അവൾക്കുവേണ്ടി കോടതിയാൽ അംഗീകരിക്കപ്പെടേണ്ട ഏതെങ്കിലും ട്രസ്ററിക്കോ കൊടുക്കാൻ നിദേശിക്കാവുന്നതും, സമീചീനമെന്ന് തോന്നുന്ന ഏതെങ്കിലും നിബന്ധനകളോ പരിമിതികളോ ചുമത്താവുന്നതും, ഒരു പുതിയ ട്രസ്ററിയെ നിയമിക്കുന്നത് സമീചീനമാണെന്ന് തോന്നുന്നുവെങ്കിൽ, അപ്പോഴപ്പോൾ അപ്രകാരം ചെയ്യാവുന്നതും ആണ്.

## X ധനനിശ്ചയങ്ങൾ

39. ഭാര്യയുടെ വസ്തു ഭർത്താവിന്റേയും കുട്ടികളുടേയും ഗുണത്തിനായി ധനനിശ്ചയം ചെയ്തുവയ്ക്കാൻ ഉത്തരവു ചെയ്യാനുള്ള അധികാരം.— ഭാര്യയുടെ വ്യഭിചാരത്തിനു കോടതി വിവാഹ വിഘടനവിധിയോ ജുഡീഷ്യൽ വേർപെടുത്തൽ വിധിയോ പ്രസ്താവിക്കുമ്പോഴെല്ലാം, ഭാര്യക്ക് ഏതെങ്കിലും വസ്തുവിന് അവകാശമുള്ളതായി കോടതിക്ക് കാണിച്ചു കൊടുക്കുന്നതായാൽ, കോടതിക്ക് യുക്തമെന്നു തോന്നുന്നുവെങ്കിൽ, ഭർത്താവിന്റേയോ ആ വിവാഹത്തിലെ കുട്ടികളുടേയോ അല്ലെങ്കിൽ ഇരുവരുടേയുമോ ഗുണത്തിനായി. അങ്ങനെയുള്ള വസ്തുവോ, അതിന്റെ ഏതെങ്കിലും ഭാഗമോ ന്യായമെന്നു തോന്നുന്ന വിധം ധനനിശ്ചയം ചെയ്തു വയ്ക്കാൻ ഉത്തരവു ചെയ്യാവുന്നതാണ്:

ഒരു വിവാഹ വിഘടനവിധിയോ ജുഡീഷ്യൽ വേർപ്പെടുത്തൽ വിധിയോ പ്രസ്താവിക്കുന്ന സമയത്തോ അതിനു ശേഷമോ ഉള്ള കോടതിയുടെ ഏതെങ്കിലും ഉത്തരവനുസരിച്ച് ഒപ്പിട്ടു പൂർത്തീകരിക്കുന്ന ഏതെങ്കിലും പ്രമാണം, അത് ഒപ്പിട്ടു പൂർത്തീകരിച്ച സമയത്ത് വിവാഹാവസ്ഥയിൽ നിന്നുള്ള അവശത നിലവിലുണ്ടായിരുന്നു എന്നിരുന്നാലും, സാധുവായി കരുതപ്പെടുന്നതാകുന്നു.

നഷ്ടപരിഹാരം ധനനിശ്ചയം ചെയ്തു വയ്ക്കുന്നത്.— 34-ാം വകുപ്പിൻകീഴിൽ വസൂലാക്കപ്പെടുന്ന നഷ്ടപരിഹാരം മുഴുവനുമോ, അതിന്റെ ഏതെങ്കിലും ഭാഗമോ, ആ വിവാഹത്തിലെ കുട്ടികളുടെ ഗുണത്തിനായോ, ഭാര്യയുടെ സംരക്ഷണത്തിനുള്ള ഒരേർപ്പാടായോ ധനനിശ്ചയം ചെയ്തു വയ്ക്കേണ്ടതാണെന്ന് കോടതിക്കു നിദേശിക്കാവുന്നതാണ്.

40. വിവാഹപൂർവ്വ വിവാഹധന നിശ്ചയമോ വിവാഹാനന്തര വിവാഹ ധനനിശ്ചയമോ ഉണ്ടോ എന്നുള്ള അന്വേഷണ വിചാരണ.— ഹൈക്കോടതിക്ക്, വിവാഹവിഘടനത്തിനുള്ള ഒരു നിരുപാധിക വിധിയ്ക്കോ ഒരു അകൃത്താവിധിക്കോ ശേഷവും, ജില്ലാകോടതിയ്ക്ക്, അതിന്റെ വിവാഹവിഘടനവിധിയോ വിവാഹ അകൃത്താ വിധിയോ സ്ഥിരപ്പെടുത്തിയതിനുശേഷവും;

ഏതു കക്ഷികളുടെ വിവാഹമാണോ വിധിയ്ക്ക് വിഷയമായിരിക്കുന്നത്, ആ കക്ഷികൾക്കായി ചെയ്തു വച്ചിട്ടുള്ള വിവാഹപൂർവ്വ വിവാഹധനനിശ്ചയങ്ങളോ വിവാഹാനന്തര വിവാഹധനനിശ്ചയങ്ങളോ ഉണ്ടോ എന്ന് അന്വേഷണ വിചാരണ ചെയ്യാവുന്നതും, ധനനിശ്ചയം ചെയ്തു വച്ച വസ്തു മുഴുവനുമോ, അതിന്റെ ഭാഗമോ വിനിയോഗിക്കുന്നതു സംബന്ധിച്ച്, ഭർത്താവിന്റേയോ ഭാര്യയുടേയോ, ആ വിവാഹത്തിലെ കുട്ടികളുടേയോ (വല്ലവരുമുണ്ടെങ്കിൽ), അല്ലെങ്കിൽ കുട്ടികൾ മാതാപിതാക്കൻമാർ എന്നീ ഇരുകൂട്ടരുടേയുമോ ഗുണത്തിനായാലും, യുക്തമെന്നു തോന്നുന്ന ഉത്തരവുകൾ പാസാക്കാവുന്നതുമാണ്:

എന്നാൽ, കോടതി, കുട്ടികൾക്ക് ഹാനികരമാംവണ്ണം മാതാപിതാക്കൻമാരുടേയോ അവരിൽ ആരുടേയെങ്കിലുമോ ഗുണത്തിനായി ഏതെങ്കിലും ഉത്തരവ് ചെയ്യാൻ പാടുള്ളതല്ല.

## XI കുട്ടികളുടെ കസ്റ്റഡി

41. വേർപെടുത്തലിനുള്ള വ്യവഹാരത്തിൽ കുട്ടികളുടെ കസ്റ്റഡി സംബന്ധിച്ച് ഉത്തരവുകൾ പുറപ്പെടുവിക്കാനുള്ള അധികാരം.— ജ്യുഡിഷ്യൽ വേർപെടുത്തൽ നേടാനുള്ള ഏതെങ്കിലും വ്യവഹാരത്തിൽ കോടതിക്ക്, അതിന്റെ വിധി പാസാക്കുന്നതിനു മുൻപ്, അപ്പോഴപ്പോൾ, ഏതു മൈനർ കുട്ടികളുടെ മാതാപിതാക്കൻമാരുടെ വിവാഹമാണോ, അങ്ങനെയുള്ള വ്യവഹാരത്തിനു വിഷയമായിരിക്കുന്നത്, ആ മൈനർ കുട്ടികളുടെ കസ്റ്റഡിയും, സംരക്ഷണവും, വിദ്യാഭ്യാസവും സംബന്ധിച്ച് ഉചിതമെന്നു കരുതുന്ന ഇടക്കാല ഉത്തരവുകൾ പുറപ്പെടുവിക്കുകയും, വ്യവസ്ഥ വിധിയിൽ ഉണ്ടാക്കുകയും ചെയ്യാവുന്നതും, യുക്തമെന്നു തോന്നുന്നുവെങ്കിൽ, അങ്ങനെയുള്ള കുട്ടികളെ മുൻപറഞ്ഞ കോടതിയുടെ രക്ഷണത്തിൽ വയ്ക്കുന്നതിന് നടപടികൾ എടുക്കാൻ നിദേശിക്കാവുന്നതും ആണ്.

42. വിധിക്കുശേഷം അങ്ങനെയുള്ള ഉത്തരവുകൾ പുറപ്പെടുവിക്കാനുള്ള അധികാരം.— കോടതിക്ക് ഒരു ജ്യുഡിഷ്യൽ വേർപെടുത്തൽ വിധിക്കു ശേഷം, ഈ ആവശ്യത്തിനുള്ള 'ഹർജി വഴി'യുള്ള) അപേക്ഷയിൻമേൽ, അപ്പോഴപ്പോൾ, ഏതു മൈനർ കുട്ടികളുടെ മാതാപിതാക്കൻമാരുടെ വിവാഹമാണോ വിധിക്ക് വിഷയമായിരിക്കുന്നത്, ആ മൈനർ കുട്ടികളുടെ കസ്റ്റഡിയും സംരക്ഷണവും വിദ്യാഭ്യാസവും സംബന്ധിച്ചോ, അല്ലെങ്കിൽ അങ്ങനെയുള്ള കുട്ടികളെ മുൻപറഞ്ഞ കോടതിയുടെ രക്ഷണത്തിൽ വയ്ക്കുന്നതിനായോ, അങ്ങനെയുള്ള വിധി നേടുന്നതിനുള്ള നടപടികൾ അപ്പോഴും നിലവിലുണ്ടായിരുന്നുവെങ്കിൽ അങ്ങനെയുള്ള വിധിയോ ഇടക്കാല ഉത്തരവുകളോ വഴി പുറപ്പെടുവിക്കാമായിരുന്ന എല്ലാ ഉത്തരവുകളും ഉണ്ടാക്കാമായിരുന്ന വ്യവസ്ഥയും, പുറപ്പെടുവിക്കുകയും ഉണ്ടാക്കുകയും ചെയ്യാവുന്നതാണ്.

43. വിഘടനത്തിനുള്ളതോ അകൃതതയ്ക്കുള്ളതോ ആയ വ്യവഹാരങ്ങളിൽ കുട്ടികളുടെ കസ്റ്റഡി സംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിക്കാനുള്ള അധികാരം.— വിവാഹത്തിന്റെ വിഘടനമോ വിവാഹ അകൃതതാവിധിയോ നേടാനുള്ളതും ഹൈക്കോടതിയിൽ ആരംഭിക്കുകയോ, ഹൈക്കോടതിയിലേയ്ക്ക് നീക്കം ചെയ്യുകയോ ചെയ്തതുമായ ഏതെങ്കിലും വ്യവഹാരത്തിൽ, ആ കോടതിക്ക്, (അതതുസംഗതി പോലെ) അതിന്റെ വിധി നിരുപാധികമാക്കുകയോ, അതിന്റെ വിധി പാസാ

ക്കുകയോ ചെയ്യുന്നതിന് മുൻപ്, അപ്പോഴപ്പോൾ, ഏതു മൈനർ കുട്ടികളുടെ മാതാപിതാക്കൻമാരുടെ വിവാഹമാണോ വ്യവഹാരത്തിനു വിഷയമായിരിക്കുന്നത്, ആ മൈനർ കുട്ടികളുടെ കസ്ററഡിയും സംരക്ഷണവും വിദ്യാഭ്യാസവും സംബന്ധിച്ച്, ആ കോടതി ഉചിതമെന്നു കരുതുന്ന ഇടക്കാല ഉത്തരവുകൾ പുറപ്പെടുവിക്കുകയും അങ്ങനെ കരുതുന്ന വ്യവസ്ഥ നിരുപാധിക വിധിയിലോ വിധിയിലോ ഉണ്ടാക്കുകയും ചെയ്യാവുന്നതും,

ഒരു ജില്ലാക്കോടതിയിൽ ആരംഭിച്ച അങ്ങനെയുള്ള ഏതെങ്കിലും വ്യവഹാരത്തിൽ ആ കോടതിക്ക് അതിന്റെ വിധി സ്ഥിരപ്പെടുത്തുന്നതിനു മുമ്പ്, അപ്പോഴപ്പോൾ, ഏത് മൈനർ കുട്ടികളുടെ മാതാപിതാക്കൻമാരുടെ വിവാഹമാണോ വ്യവഹാരത്തിനു വിഷയമായിരിക്കുന്നത്, ആ മൈനർ കുട്ടികളുടെ കസ്ററഡിയും സംരക്ഷണവും വിദ്യാഭ്യാസവും സംബന്ധിച്ച്, ആ കോടതി ഉചിതമെന്നു കരുതുന്ന ഇടക്കാല ഉത്തരവുകൾ പുറപ്പെടുവിക്കുകയും അങ്ങനെ കരുതുന്ന വ്യവസ്ഥ അങ്ങനെ സ്ഥിരപ്പെടുത്തുന്നതിൻമേൽ ഉണ്ടാക്കുകയും ചെയ്യാവുന്നതും;

യുക്തമെന്നു തോന്നുന്നുവെങ്കിൽ (അതതു സംഗതിപോലെ) ഹൈക്കോടതിക്കോ ജില്ലാക്കോടതിക്കോ അങ്ങനെയുള്ള കുട്ടികളെ കോടതിയുടെ രക്ഷണത്തിൽ വയ്ക്കുന്നതിന് നടപടികൾ എടുക്കാൻ നിദേശിക്കാവുന്നതും ആണ്.

44. വിധിക്കോ സ്ഥിരീകരണത്തിനോ ശേഷം അങ്ങനെയുള്ള ഉത്തരവുകൾ പുറപ്പെടുവിക്കാനുള്ള അധികാരം.— ഹൈക്കോടതിക്ക് വിവാഹവിഘടനത്തിനുള്ള നിരുപാധിക വിധിക്കോ വിവാഹ അകൃതതാവിധിക്കോ ശേഷവും;

ജില്ലാക്കോടതിക്ക്, വിവാഹവിഘടന വിധിയോ വിവാഹ അകൃതതാ വിധിയോ സ്ഥിരപ്പെടുത്തിയതിനു ശേഷവും;

ഹർജി വഴിയുള്ള ഈ ആവശ്യത്തിനുള്ള അപേക്ഷയിൻമേൽ, അപ്പോഴപ്പോൾ, ഏത് മൈനർ കുട്ടികളുടെ മാതാപിതാക്കൻമാരുടെ വിവാഹമാണോ വിധിക്ക് വിഷയമായിരിക്കുന്നത്, ആ മൈനർ കുട്ടികളുടെ കസ്ററഡിയും, സംരക്ഷണവും വിദ്യാഭ്യാസവും സംബന്ധിച്ചോ, അല്ലെങ്കിൽ അങ്ങനെയുള്ള കുട്ടികളെ മുൻപറഞ്ഞ കോടതിയുടെ രക്ഷണത്തിൽ വയ്ക്കുന്നതിനായോ (അതതു സംഗതിപോലെ) അങ്ങനെയുള്ള നിരുപാധികവിധിയോ വിധിയോ വഴി അല്ലെങ്കിൽ മുൻപറഞ്ഞതുപോലെയുള്ള ഇടക്കാല ഉത്തരവുകൾവഴി പുറപ്പെടുവിക്കാമായിരുന്ന എല്ലാ ഉത്തരവുകളും ഉണ്ടാക്കാമായിരുന്ന വ്യവസ്ഥയും പുറപ്പെടുവിക്കുകയും ഉണ്ടാക്കുകയും ചെയ്യാവുന്നതാണ്.

## XII നടപടിക്രമം

45. സിവിൽ നടപടിനിയമസംഹിത ബാധകമാകുമെന്ന്.— ഇതിൽ അടങ്ങിയ വ്യവസ്ഥകൾക്ക് വിധേയമായി, കക്ഷിയും കക്ഷിയും തമ്മിലുള്ള ഈ ആക്ററിൻ കീഴി ലെ എല്ലാ നടപടികളും, സിവിൽ നടപടി നിയമസംഹിതയാൽ ക്രമപ്പെടുത്തപ്പെടുന്നതാകുന്നു.

46. ഹർജികളുടേയും സ്റേറററ്മെൻറുകളുടേയും ഫാറങ്ങൾ.— ഈ ആക്ററിന്റെ പട്ടികയിൽ കൊടുത്തിട്ടുള്ള ഫാറങ്ങൾ, ഓരോ കേസ്സിന്റേയും പരിതഃസ്ഥിതികൾ ആവശ്യപ്പെടുന്ന വ്യത്യാസപ്പെടുത്തലുകളോടെ, അങ്ങനെയുള്ള പട്ടികയിൽ പറഞ്ഞിട്ടുള്ള യഥാക്രമമുള്ള ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്.

47. കപടസന്ധിയുടെ അഭാവത്തെക്കുറിച്ച് പ്രസ്താവിക്കണമെന്ന്.— വിവാഹവിഘടനവിധിക്കോ വിവാഹ അസാധുതാവിധിക്കോ, ജുഡീഷ്യൽ വേർപ്പെടുത്തൽ വിധിക്കോ ഉള്ള ഈ ആക്റ്റിൻ കീഴിലെ ഏതൊരു ഹർജിയിലും, ഹർജിക്കാരനും വിവാഹത്തിലെ മറേറ കക്ഷിയും തമ്മിൽ ഏതെങ്കിലും കപട സന്ധി ഉണ്ടായിരിക്കുകയോ മൗനാനുവാദം നല്കുകയോ ചെയ്യുന്നില്ലെന്നു പ്രസ്താവിക്കേണ്ടതാകുന്നു.

പ്രസ്താവനകൾ സത്യബോധപ്പെടുത്തണമെന്ന്.— ഈ ആക്റ്റിൻ കീഴിലെ ഏതൊരു ഹർജിയിലും അടങ്ങിയിട്ടുള്ള പ്രസ്താവനകൾ ഹർജിക്കാരനോ ക്ഷമതയുള്ള മറേറതെങ്കിലും ആളോ അന്യായങ്ങളുടെ സത്യബോധപ്പെടുത്തലിന് നിയമം ആവശ്യപ്പെടുന്ന രീതിയിൽ, സത്യബോധപ്പെടുത്തേണ്ടതും, ഹിയറിങ്ങ് സമയത്ത് തെളിവ് എന്നപോലെ അതിലേക്ക് നോക്കാവുന്നതുമാണ്.

48. ഭ്രാന്തൻമാർക്കുവേണ്ടിയുള്ള വ്യവഹാരങ്ങൾ.— ഭർത്താവോ ഭാര്യയോ ഭ്രാന്തുള്ള ആളോ ജഡബുദ്ധിയോ ആയിരിക്കുമ്പോൾ, ഈ ആക്റ്റിൻ കീഴിലെ (ദാമ്പത്യാവകാശങ്ങളുടെ പുന:സ്ഥാപനത്തിനുള്ള വ്യവഹാരം അല്ലാത്ത) ഏതെങ്കിലും വ്യവഹാരം, അവനോ അവൾക്കോ വേണ്ടി അവന്റെയോ, അവളുടേയോ കസ്റ്റഡിക്ക് അവകാശമുള്ള കമ്മിററിക്കോ, മററാൾക്കോ, കൊണ്ടുവരാവുന്നതാണ്.

49. മൈനർമാരാലുള്ള വ്യവഹാരങ്ങൾ.— ഹർജിക്കാരൻ മൈനറായിരിക്കുന്നിടത്ത്, അവനോ അവളോ അവന്റെയോ അവളുടേയോ കോടതിയാൽ അംഗീകരിക്കപ്പെടേണ്ട ഉററ ബന്ധുമുഖേന വ്യവഹാരം കൊടുക്കേണ്ടതും, ഈ ആക്റ്റിൻ കീഴിൽ മൈനർ ബോധിപ്പിക്കുന്ന യാതൊരു ഹർജിയും, ഉററ ബന്ധു, കോടതിച്ചെലവിന് ഉത്തരവാദിയായിരിക്കുമെന്ന് ലിഖിതമായി ഏല്ക്കുന്നതുവരെ ഫയൽ ചെയ്യാൻ പാടില്ലാത്തതുമാകുന്നു.

അങ്ങനെയുള്ള ഏല്പ് കോടതിയിൽ ഫയൽ ചെയ്യേണ്ടതും, അതോടെ ഉററ ബന്ധു അയാൾ ഒരു സാധാരണ വ്യവഹാരത്തിലെ വാദി ആയിരുന്നാൽ എന്നപോലെ, അതേരീതിയിലും അത്രത്തോളവും ബാദ്ധ്യസ്ഥനായിരിക്കുന്നതും ആകുന്നു.

50. ഹർജിനടത്തൽ.— ഈ ആക്റ്റിൻ കീഴിലെ ഏതൊരു ഹർജിയും അത് ബാധിക്കുന്ന കക്ഷിക്ക് ഹൈക്കോടതി അപ്പോഴപ്പോൾ സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവു വഴി നിർദേശിക്കുന്ന രീതിയിൽ ഇൻഡ്യയ്ക്കകത്തോ പുറത്തോ വച്ചു നടത്തേണ്ടതാകുന്നു :

എന്നാൽ, അങ്ങനെയുള്ള നടത്തൽ വേണ്ടെന്നു വയ്ക്കുന്നതു ആവശ്യകമാണെന്നോ സമീചീനമാണെന്നോ തോന്നുന്നതായാൽ കോടതിയ്ക്ക് അപ്രകാരം വേണ്ടെന്നു വയ്ക്കാവുന്നതാണ്.

51. തെളിവ് എടുക്കുന്ന സമ്പ്രദായം.— കോടതി മുമ്പാകെയുള്ള എല്ലാ നടപടികളിലേയും സാക്ഷികളെ അവരെ ഹാജരാക്കിക്കിട്ടാൻ കഴിയുമെങ്കിൽ വാക്കാൽ വിസ്തരിക്കേണ്ടതും, ഏതെങ്കിലും കക്ഷിക്ക്, താൻ സാക്ഷിയാകാൻ തയ്യാറാണെന്ന് അറിയിക്കാവുന്നതും, അവനേയോ അവളേയോ വിസ്തരിക്കേണ്ടതും മറേറതെങ്കിലും സാക്ഷിയെപ്പോലെ, എതിർവിസ്താരം ചെയ്യുകയും പുനർവിസ്താരം ചെയ്യുകയും ചെയ്യാവുന്നതുമാണ്:

എന്നാൽ, കക്ഷികൾക്ക് അവരുടെ യഥാക്രമമുള്ള കേസ്സുകൾ മുഴുവനായോ ഭാഗികമായോ, സത്യവാങ്മൂലം വഴി സത്യബോധപ്പെടുത്തുവാനുള്ള സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതും, എന്നാൽ അങ്ങനെയുള്ള ഏതൊരു സത്യവാങ്മൂലത്തിലെയും മൊഴി നല്കുന്നവൻ പ്രതിപക്ഷ കക്ഷിയുടെ അപേക്ഷയിൻമേലോ കോടതിയുടെ നിർദ്ദേശപ്രകാരമോ, പ്രതിപക്ഷ കക്ഷിയാലോ പ്രതിപക്ഷകക്ഷിക്കുവേണ്ടിയോ വാക്കാൽ എതിർ വിസ്താരം ചെയ്യപ്പെടുന്നതിനു വിധേയനാകത്തക്കവിധമായിരിക്കുന്നതും, അങ്ങനെയുള്ള എതിർ വിസ്താരത്തിനു ശേഷം, ആ ആളെ മുൻപറഞ്ഞതുപോലെ അങ്ങനെയുള്ള സത്യവാങ്മൂലം ഫയൽ ചെയ്ത കക്ഷിയാലോ, ആ കക്ഷിക്കുവേണ്ടിയോ വാക്കാൽ പുനർ വിസ്താരം ചെയ്യാവുന്നതുമാണ്.

52. ക്രൂരതയോ അഭിത്യജനമോ സംബന്ധിച്ച് തെളിവ് നല്കുവാൻ ഭർത്താവിനും ഭാര്യയ്ക്കുമുള്ള ക്ഷമത.— തന്റെ ഭർത്താവ് ക്രൂരതയോടുകൂടിയ വ്യഭിചാരത്തിനോ, ന്യായമായ കാരണം കൂടാതെയുള്ള അഭിത്യജനത്തോടുകൂടിയ വ്യഭിചാരത്തിനോ അപരാധിയായിട്ടുണ്ടെന്നുള്ള കാരണത്താൽ തന്റെ വിവാഹം വിഘടനം ചെയ്യണമെന്നു പ്രാർത്ഥിച്ചുകൊണ്ട് ഒരു ഭാര്യ ബോധിപ്പിക്കുന്ന ഏതെങ്കിലും ഹർജിയിൻമേൽ, യഥാക്രമം ഭർത്താവും ഭാര്യയും, അങ്ങനെയുള്ള ക്രൂരതയുടേയോ അഭിത്യജനത്തിന്റേയോ അല്ലെങ്കിൽ അതിനെക്കുറിച്ചോ ഉള്ള തെളിവ് നല്കുവാൻ ക്ഷമതയുള്ളവരും അതിന് നിർബന്ധിക്കപ്പെടാവുന്നവരും ആയിരിക്കുന്നതാണ്.

53. വാതിലുകൾ അടയ്ക്കുവാനുള്ള അധികാരം.—ഈ ആക്റ്റിൻ കീഴിലെ ഏതെങ്കിലും നടപടി മുഴുവനുമോ, അതിന്റെ ഏതെങ്കിലും ഭാഗമോ കോടതിക്ക് യുക്തമെന്ന് തോന്നുന്നുവെങ്കിൽ വാതിൽ അടച്ച് കേൾക്കാവുന്നതാകുന്നു.

54. നീട്ടി വയ്ക്കുവാനുള്ള അധികാരം.— കോടതിക്ക് ഈ ആക്റ്റിൻ കീഴിലെ ഏതെങ്കിലും ഹർജിയുടെ ഹിയറിങ്ങ്, അപ്പോഴപ്പോൾ നീട്ടിവയ്ക്കാവുന്നതും അതിൻമേൽ കൂടുതൽ തെളിവ് ആവശ്യപ്പെടുന്നതും യുക്തമാണെന്ന് കാണുന്നുവെങ്കിൽ അപ്രകാരം ആവശ്യപ്പെടാവുന്നതുമാകുന്നു.

55. ഉത്തരവുകളും വിധികളും പ്രാവർത്തികമാക്കലും, അവയിൽ നിന്നുള്ള അപ്പീലുകളും.—ഈ ആക്റ്റിൻ കീഴിലെ ഏതെങ്കിലും വ്യവഹാരത്തിലോ നടപടിയിലോ കോടതി പാസ്സാക്കുന്ന എല്ലാ വിധികളും ഉത്തരവുകളും, തൽസമയം പ്രാബല്യത്തിലിരിക്കുന്ന നിയമങ്ങൾക്കും ചട്ടങ്ങൾക്കും ആർഡറുകൾക്കും കീഴിൽ ആ കോടതിയുടെ സിവിൽ ആദ്യാധികാരിത പ്രയോഗിച്ച് പാസ്സാക്കുന്ന വിധികളും ഉത്തരവുകളും പ്രാവർത്തികമാക്കുകയും, അവയിൽ നിന്ന് അപ്പീലുകൾ കൊടുക്കുകയും ചെയ്യുന്നതുപോലെയുള്ള രീതിയിൽ പ്രാവർത്തികമാക്കുകയും അവയിൽ നിന്ന് അതേ രീതിയിൽ അപ്പീൽ കൊടുക്കുകയും ചെയ്യാവുന്നതും ആണ്.

എന്നാൽ ജില്ലാ ജഡ്ജിയുടെ, വിവാഹ വിഘടന വിധിയിൽ നിന്നോ വിവാഹ അസാധുതാവിധിയിൽ നിന്നോ അപ്പീൽ ഉണ്ടായിരിക്കുന്നതല്ല, അങ്ങനെയുള്ളവിധി സ്ഥിരപ്പെടുത്തുന്നതോ സ്ഥിരപ്പെടുത്താൻ വിസമ്മതിക്കുന്നതോ ആയ ഹൈക്കോടതിയുടെ ഉത്തരവിൽ നിന്നും അപ്പീൽ ഉണ്ടായിരിക്കുന്നതല്ല.

കോടതി ച്ചെലവ് സംബന്ധിച്ച് അപ്പീൽ ഇല്ലെന്ന്.—എന്നു മാത്രമല്ല, കോടതിച്ചെലവ് വിഷയകമായി മാത്രം അപ്പീൽ ഉണ്ടായിരിക്കുന്നതല്ല.

56. സുപ്രീം കോടതിയിലേക്ക് അപ്പീൽ.—ഏതെങ്കിലും ആക്ക്, ഹൈക്കോടതി, അപ്പീലിൻമേലോ മറ്റുവിധത്തിലോ, ഈ ആക്റ്റിൻ കീഴിൽ പാസ്സാക്കുന്ന ഏതെങ്കിലും (സോപാധികവ ധി അല്ലാത്ത) വിധിയിൽ അല്ലെങ്കിൽ ഉത്തരവിൽ നിന്നും,

ഹൈക്കോടതിയുടേയോ, ഏതെങ്കിലും ഡിവിഷൻകോടതിയുടേയോ ജഡ്ജിമാർ ആദ്യാധികാരിതയുടെ പ്രയോഗത്തിൽ പാസ്സാക്കുന്നതും ഹൈക്കോടതിയിലേക്ക് അപ്പീൽ ഇല്ലാത്തതും ആയ ഏതെങ്കിലും (സോപാധിക വിധി അല്ലാത്ത) വിധിയിൽ അല്ലെങ്കിൽ ഉത്തരവിൽ നിന്നും,

ആ കേസ് സുപ്രീം കോടതിയിലേക്ക് അപ്പീൽ കൊടുക്കുന്നതിന് തക്കതായു ഒന്നാണെന്ന് ഹൈക്കോടതി പ്രഖ്യാപിക്കുന്നതായാൽ,

സുപ്രീം കോടതിയിലേക്ക് അപ്പീൽ കൊടുക്കാവുന്നതാണ്.

## XIII പുനർ വിവാഹം

57. കക്ഷികൾക്ക് വീണ്ടും വിവാഹം കഴിക്കാനുള്ള സ്വാതന്ത്ര്യം.—ജില്ലാ ജഡ്ജി പാസ്സാക്കിയ വിവാഹ വിഘടന വിധി സ്ഥിരപ്പെടുത്തുന്ന ഹൈക്കോടതിയുടെ ഉത്തരവിന്റെ തിയതിക്കുശേഷം ആറുമാസം കഴിഞ്ഞിരിക്കുമ്പോഴും,

അല്ലെങ്കിൽ, വിവാഹം വിഘടിതമാക്കുന്ന ഹൈക്കോടതിയുടെ ഏതെങ്കിലും വിധിയുടെ തിയതിക്കുശേഷം ആറുമാസം കഴിഞ്ഞിരിക്കുകയും, അങ്ങനെയുള്ള വിധിക്കെതിരായി ഹൈക്കോടതിയിലേക്ക് അതിന്റെ അപ്പീൽ അധികാരിതയിൽ യാതൊരു അപ്പീലും ബോധിപ്പിച്ചിട്ടില്ലാതിരിക്കുകയും ചെയ്യുമ്പോഴും;

അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും അപ്പീൽ തള്ളിക്കളഞ്ഞിരിക്കുമ്പോഴും;

അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും അപ്പീലിന്റെ ഫലമായി ഏതെങ്കിലും വിവാഹം വിഘടിതമായതായി പ്രഖ്യാപിക്കപ്പെടുമ്പോഴും;

എന്നാൽ, അതിലും നേരത്തേയല്ലാതേയും, ആ വിവാഹത്തിലെ യഥാക്രമമുള്ള കക്ഷികൾ മുൻ വിവാഹം മരണത്താൽ വിഘടിതമായിട്ടുണ്ടായിരുന്നാലെന്നപോലെ, വീണ്ടും വിവാഹം കഴിക്കുന്നത് നിയമാനുസൃതമായിരിക്കുന്നതാണ്.

എന്നാൽ, അതിന് അങ്ങനെയുള്ള ഏതെങ്കിലും ഉത്തരവിനോ വിധിക്കോ എതിരായി സുപ്രീംകോടതിയിൽ അപ്പീൽ ബോധിപ്പിച്ചിട്ടുണ്ടായിരിക്കരുത്.

അങ്ങനെയുള്ള അപ്പീൽ തള്ളിക്കളഞ്ഞിരിക്കുമ്പോഴും അല്ലെങ്കിൽ അതിന്റെ ഫലമായി വിവാഹം വിഘടിതമായതായി പ്രഖ്യാപിക്കപ്പെടുമ്പോഴും, എന്നാൽ അതിനും നേരത്തേയല്ലാതേയും, ആ വിവാഹത്തിലെ യഥാക്രമമുള്ള കക്ഷികൾ മുൻവിവാഹം മരണത്താൽ വിഘടിതമായിട്ടുണ്ടായിരുന്നാലെന്നപോലെ, വീണ്ടും വിവാഹം കഴിക്കുന്നത് നിയമാനുസൃതമായിരിക്കുന്നതാണ്.

58. വ്യഭിചാരത്തിന് വിവാഹ വിമുക്തരാക്കപ്പെട്ടവരുടെ വിവാഹങ്ങൾ ആഘോഷിച്ചുകൊടുക്കുവാൻ ഇംഗ്ലീഷ് വൈദികൻമാർ നിർബന്ധിക്കപ്പെടുന്നതല്ലെന്ന്.—ചർച്ച് അഫ് ഇംഗ്ലണ്ടിന്റെ ഹോളി ആർഡേഴ്സിലെ യാതൊരു വൈദികനും, ഏതാളുടെ മുൻ വിവാഹബന്ധമാണോ അവന്റേയോ അവളുടേയോ വ്യഭിചാരത്തിന്റെ കാരണത്തിൻമേൽ വിഘടനം ചെയ്തിട്ടുള്ളത്, ആ

ആളുടെ വിവാഹം ആഘോഷിച്ച് കൊടുക്കാൻ നിർബന്ധിക്കപ്പെടാൻ പാത്രമുള്ളതോ, അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും ആളുടെ വിവാഹം ആഘോഷിച്ചു കൊടുത്തതിനോ, ആഘോഷിച്ചു കൊടുക്കുവാൻ വിസമ്മതിച്ചതിനോ ഏതെങ്കിലും വ്യവഹാരത്തിനോ ദണ്ഡനത്തിനോ സെൻഷറിനോ ബാദ്ധ്യസ്ഥനായിരിക്കുന്നതോ അല്ല.

59. അടിയന്തരം നിർവഹിക്കാൻ വിസമ്മതിക്കുന്ന ഇംഗ്ലീഷ് പുരോഹിതൻ തന്റെ പള്ളി ഉപയോഗിക്കുവാൻ അനുവദിക്കണമെന്ന്.—മുൻ പറഞ്ഞ ചർച്ചിന്റെ ഏതെങ്കിലും പള്ളിയുടേയോ കപ്പേളയുടേയോ ഏതെങ്കിലും പുരോഹിതൻ, ഏതെങ്കിലും ആളുകൾ തമ്മിൽ അങ്ങനെയുള്ള വിവാഹ ശുശ്രൂഷ നിർവ്വഹിക്കുവാൻ വിസമ്മതിക്കുകയും അങ്ങനെയുള്ള വിസമ്മതം ഇല്ലെങ്കിൽ അവർക്ക് അതേ ശുശ്രൂഷ അങ്ങനെയുള്ള പള്ളിയിലോ കപ്പേളയിലോ നിർവ്വഹിച്ച് കിട്ടാൻ അവകാശമുണ്ടായിരിക്കുകയും ചെയ്യുമ്പോൾ, അങ്ങനെയുള്ള പുരോഹിതൻ മുൻപറഞ്ഞ ചർച്ചിന്റെ ഹോളി ആർഡേഴ്സിൽപെട്ടതും, അങ്ങനെയുള്ള പള്ളിയോ കപ്പേളയോ സ്ഥിതിചെയ്യുന്ന ഇടവകയ്ക്കുള്ളിൽ ശുശ്രൂഷ നിർവ്വഹിക്കുവാൻ അവകാശമുള്ള മറ്റേതെങ്കിലും പുരോഹിതനെ അങ്ങനെയുള്ള വിവാഹ ശുശ്രൂഷ, അങ്ങനെയുള്ള പള്ളിയിലോ കപ്പേളയിലോ വച്ച് നിർവ്വഹിക്കാൻ അനുവദിക്കേണ്ടതാകുന്നു.

## XIV പലവക

60. വേർപെടുത്തലിനുള്ള വിധിയോ രക്ഷണ ഉത്തരവോ മറിച്ചു വിധിക്കുന്നതിന് മുമ്പ് ഭാര്യയുമായി ഇടപെടുന്ന ആളുകളെ സംബന്ധിച്ച് സാധുവാണെന്ന്.—ഈ ആക്ററിൻ കീഴിൽ ഭാര്യ നേടിയിട്ടുള്ള ഏതൊരു ജൂഡിഷ്യൽ വേർപെടുത്തൽ വിധിയും, അല്ലെങ്കിൽ വസ്തു രക്ഷിക്കുന്നതിനുള്ള ഉത്തരവും, മറിച്ചു വിധിക്കപ്പെടുകയോ റദ്ദാക്കപ്പെടുകയോ ചെയ്യുന്നതുവരെ, ഭാര്യയുമായി ഇടപെടുന്ന ഏതെങ്കിലും ആളുടെ രക്ഷണത്തിന് ആവശ്യമായിടത്തോളം, സാധുവായി കരുതപ്പെടുന്നതാകുന്നു.

അങ്ങനെയുള്ള വിധിയുടേയോ ഉത്തരവിന്റേയോ യാതൊരു മറിച്ച് വിധിക്കലും, അല്ലെങ്കിൽ റദ്ദാക്കലും അല്ലെങ്കിൽ വ്യത്യാസപ്പെടുത്തലും മററുവിധത്തിലാണെങ്കിൽ ഏതെങ്കിലും ആൾക്ക് അങ്ങനെയുള്ള വിധിയുടേയോ ഉത്തരവിന്റേയോ തീയതിക്കും, അതിന്റെ മറിച്ചു വിധിക്കലിന്റേയോ റദ്ദാക്കലിന്റേയോ വ്യത്യാസപ്പെടുത്തലിന്റേയോ തീയതിക്കും ഇടയ്ക്ക് ഭാര്യ ഏർപ്പെട്ടിട്ടുള്ള ഏതെങ്കിലും കാൺട്രാക്ററുകളോ, ചെയ്ത ഏതെങ്കിലും കൃത്യങ്ങളോ സംബന്ധിച്ച്, ഉണ്ടാകുമായിരുന്ന ഏതെങ്കിലും അവകാശങ്ങളേയോ പരിഹാരങ്ങളേയോ ബാധിക്കുന്നതല്ല.

വിധിയുടേയോ, രക്ഷണ ഉത്തരവിന്റേയോ മറിച്ചു വിധിക്കലിനെക്കുറിച്ച് നോട്ടീസ് ഇല്ലാതെ ഭാര്യയ്ക്ക് പണം കൊടുക്കുന്ന ആളുകൾക്കുള്ള നഷ്ടോത്തരവാദം.—അങ്ങനെയുള്ള ഏതെങ്കിലും വിധിയേയോഉത്തരവിനേയോ, ആശ്രയിച്ച്, അതു നേടിയിട്ടുള്ള ഭാര്യയ്ക്ക് പണം വല്ലതും കൊടുക്കുകയോ, വല്ല കൈമാററവും ചെയ്യാനോ കൃത്യം ചെയ്യാനോ അവളെ അനുവദിക്കുകയോ, ചെയ്യുന്ന എല്ലാ ആളുകൾക്കും അപ്പോൾ അങ്ങനെയുള്ള വിധിയോ ഉത്തരവോ മറിച്ചുവിധിച്ചിരിക്കുകയോ റദ്ദാക്കിയിരിക്കുകയോ, വ്യത്യാസപ്പെടുത്തിയിരിക്കുകയോ, അല്ലെങ്കിൽ തന്റെ ഭർത്താവിൽ നിന്നുള്ള ഭാര്യയുടെ വേർപെടുത്തൽ അവസാനിച്ചിരിക്കുകയോ, വിധിയോ ഉത്തരവോ പാസ്സാക്കിയതിനുശേഷം വല്ല സമയത്തും തുടരാതിരുന്നിട്ടുണ്ടാവുകയോ ചെയ്യുന്നുണ്ടെന്നിരുന്നാലും,

പണം കൊടുത്തതിൻേറയോ കൈമാററത്തിൻേറയോ മററു കൃത്യത്തിൻേറയോ സമയത്ത്, അങ്ങനെയുള്ള ആളുകൾക്ക് വിധിയുടേയോ ഉത്തരവിൻേറയോ മറിച്ചു വിധിക്കലിനേയോ റദ്ദാക്കലിനേയോ വ്യത്യാസപ്പെടുത്തലിനേയോ കുറിച്ചോ, അല്ലെങ്കിൽ വേർപെടുത്തൽ അവസാനിച്ചതിനേയോ തുടരാതിരുന്നതിനേയോ കുറിച്ചോ നോട്ടീസ് ഉണ്ടായിരുന്നിട്ടില്ലാത്തപക്ഷം,

അങ്ങനെ പണം കൊടുത്തതിൻേറയോ അങ്ങനെയുള്ള കൈമാററത്തിൻേറയോ, മററു കൃത്യത്തിൻേറയോ സമയത്ത്, അങ്ങനെയുള്ള വിധിയോ ഉത്തരവോ സാധുവായിരിക്കുകയും വ്യത്യാസപ്പെടുത്തൽ ഇല്ലാതെ അപ്പോഴും നിലവിലുണ്ടായിരിക്കുകയും, വേർപെടുത്തൽ അവസാനിച്ചിട്ടില്ലാതിരിക്കുകയോ തുടരാതിരുന്നിട്ടില്ലാതിരിക്കുകയോ ചെയ്യുകയും ചെയ്തിരുന്നാലെന്നപോലെ, രക്ഷണം നല്കുകയും നഷ്ടോത്തരവാദം ചെയ്തു കൊടുക്കുകയും ചെയ്യപ്പെടുന്നതാകുന്നു.

61. കുററകരമായ ലൈംഗിക സംഗത്തിനുള്ള വ്യവഹാരത്തിന് തടസ്സം.—ഈ ആക്ററ് പ്രവർത്തനത്തിൽ വരുന്നതിനുശേഷം 2-ം, 10-ം വകുപ്പുകൾക്ക് കീഴിൽ ഹർജി ബോധിപ്പിക്കാൻ കക്ഷിതയുള്ള യാതൊരാളുടേയും, തൻെറ ഭാര്യയുമായുള്ള കുററകരമായ ലൈംഗികസംഗത്തിനുള്ള വ്യവഹാരം നിലനില്ക്കുന്നതല്ല.

62. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—ഹൈക്കോടതി, ഈ ആക്ററിൻ കീഴിൽ, അപ്പോഴപ്പോൾ സമീചീനമെന്ന് കരുതുന്ന ചട്ടങ്ങൾ ഉണ്ടാക്കേണ്ടതും, അതിന്, അപ്പോഴപ്പോൾ അവ വ്യത്യാസപ്പെടുത്തുകയും, അവയോട് കൂട്ടിച്ചേർക്കുകയും ചെയ്യാവുന്നതുമാണ്.

എന്നാൽ, അതിന് അങ്ങനെയുള്ള ചട്ടങ്ങളും വ്യത്യാസപ്പെടുത്തലുകളും കൂട്ടിച്ചേർക്കലുകളും, ഈ ആക്ററിലേയും, സിവിൽ നടപടി നിയമസംഹിതയിലേയും വ്യവസ്ഥകളോട് സംഗതമായിരിക്കണം.

അങ്ങനെയുള്ള എല്ലാ ചട്ടങ്ങളും വ്യത്യാസപ്പെടുത്തലുകളും കൂട്ടിച്ചേർക്കലുകളും ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

ഫാറങ്ങളുടെ പട്ടിക 1

## നമ്പർ 1—വ്യഭിചാരം കാരണമായി കൂട്ടു എതിർകക്ഷിയിൽ നിന്ന് നഷ്ടപരിഹാരത്തോടുകൂടി വിവാഹവിഘടനത്തിന് ഭർത്താവിനാലുള്ള ഹർജി

(10-ം 34-ം വകുപ്പുകൾ നോക്കുക)

........................................... (ഹൈ) കോടതിയിൽ ബഹുമാനപ്പെട്ട മി. ജസ്ററിസ്.............. ......ന് അല്ലെങ്കിൽ ............. ...........................ലെ ജഡ്ജിക്ക് 186—ലെ....... ....മാസം.................ദിവസം ക. ഖയുടെ ഹർജി—

1. ഈ ഹർജിക്കാരൻ ആയിരത്തി എണ്ണൂററി.................... മാസം.........................ദിവസം അപ്പോൾ അവിവാഹിതയായ ഗ. ഘ ആയിരുന്ന ഗ.ഖ യുമായി........ ............ത്ത് നിയമാനുസൃതം വിവാഹിതനായി എന്നും, (ക)

(ക) വിവാഹം ഇൻഡ്യയ്ക്ക് വെളിയിൽ വച്ചു ആഘോഷിച്ചതാണെങ്കിൽ വ്യഭിചാരം ഇൻഡ്യയിൽ വച്ചു ചെയ്തിട്ടുള്ളതാണെന്ന് കാണിക്കണം.

2. തന്റെ മുൻപറഞ്ഞ വിവാഹം മുതല്ക്ക് ഈ ഹർജിക്കാരൻ ..................ൽ.......................ത്തും...................ത്തും അവസാനമായി ..................................ത്.............................................. ത്തും അയാളുടെ മുൻപറഞ്ഞ ഭാര്യയോടൊപ്പം ജീവിക്കുകയും സഹവസിക്കുകയും ചെയ്തു എന്നും, ഈ ഹർജിക്കാരനും അയാളുടെ മുൻപറഞ്ഞ ഭാര്യയ്ക്കും, അവരുടെ മുൻപറഞ്ഞ വിവാഹത്തിലെ സന്താനങ്ങളായി അഞ്ചു കുട്ടികൾ ഉണ്ടായിട്ടുള്ളതും, അവരിൻ യഥാക്രമം പന്ത്രണ്ടും പതിന്നാലും വയസ്സുള്ള രണ്ടു പുത്രൻമാർ മാത്രം അതിജീവിക്കുന്നതുമാണെന്നും,

3. ആയിരത്തി എണ്ണൂററി...................മാസം ...................................... ദിവസത്തിനു തൊട്ടു മുമ്പുള്ള മൂന്നു വർഷം ഭ. മ ചുരുക്കം ചിലപ്പോഴല്ലാതെ നിരന്തരമായി മുൻപറഞ്ഞ..................ത്തെ ഈ ഹർജിക്കാരന്റെ വീട്ടിൽ താമസിച്ചിരുന്നുവെന്നും, മുൻപറഞ്ഞ കാലത്ത് പല സന്ദർഭങ്ങളിലും, മുൻപറഞ്ഞ ഗ. ഖ, മുൻപറഞ്ഞ ഭ.മ യുമായി ഈ ഹർജിക്കാരന്റെ മുൻപറഞ്ഞ വീട്ടിൽ വച്ച്, വ്യഭിചരിച്ചു എന്നും അതിന്റെ തീയതികൾ ഈ ഹർജിക്കാരന് അറിയില്ലെന്നും;

4. ഞാനും, എന്റെ മുൻപറഞ്ഞ ഭാര്യയും തമ്മിൽ, ഞങ്ങളുടെ മുൻപറഞ്ഞ വിവാഹത്തിന്റെ വിഘടനം നേടുന്ന ആവശ്യത്തിനോ മറെറന്തെങ്കിലും ആവശ്യത്തിനോ, ഏതെങ്കിലും കപടസന്ധി ഉണ്ടാക്കിയിരിക്കുകയോ മൗനാനുവാദം നല്കുകയോ ചെയ്യുന്നില്ലെന്നും,

കാണിക്കുന്നു:—

അതുകൊണ്ട് ഈ (ബഹുമാനപ്പെട്ട) കോടതി, മുൻപറഞ്ഞ വിവാഹം വിഘടനം ചെയ്തുകൊണ്ടും, മുൻപറഞ്ഞ ഭ. മ ഈ ഹർജിക്കാരന്റെ മുൻപറഞ്ഞ ഭാര്യയുമായി വ്യഭിചരിച്ചിട്ടുള്ളതു കാരണമായി, 5,000 രൂപ നഷ്ടപരിഹാരമായി കൊടുക്കണമെന്നും അങ്ങനെയുള്ള നഷ്ടപരിഹാരം ഈ ഹർജിക്കാരന് കൊടുക്കുകയോ അല്ലെങ്കിൽ ഈ (ബഹുമാനപ്പെട്ട) കോടതിക്ക് യുക്തമെന്ന് തോന്നുന്ന മററുവിധത്തിൽ കൊടുക്കുകയോ വിനിയോഗിക്കുകയോ ചെയ്യണമെന്നും വിധിക്കണമെന്ന് ഈ ഹർജിക്കാരൻ പ്രാർത്ഥിക്കുന്നു.

ക. ഖ (ഒപ്പ്) (ഖ)

## സത്യബോധപ്പെടുത്തലിന്റെ ഫാറം

മുൻപറഞ്ഞ ഹർജിയിൽ പേരുപറഞ്ഞിട്ടുള്ള ഹർജിക്കാരൻ ക. ഖ ആയ ഞാൻ അതിൽ പ്രസ്താവിച്ചിരിക്കുന്നത് എന്റെ ഉത്തമമായ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് പ്രഖ്യാപിക്കുന്നു.

---

(ഖ) ഹർജിക്കാരൻ ഒപ്പിടണം.

## നമ്പർ. 2—നമ്പർ 1 ന് മറുപടിയായുള്ള എതിർ കക്ഷിയുടെ പത്രിക

..............................കോടതിയിൽ....................
...........................മാസം...........................ദിവസം.

ഹർജിക്കാരൻ ക. ഖ യും
എതിർകക്ഷി ഗ. ഖ യും
കൂട്ടു എതിർകക്ഷി ഭ. മ യും
തമ്മിൽ

എതിർകക്ഷി ഗ ഖ, അവളുടെ അററാർണി (അല്ലെങ്കിൽ വക്കീൽ) ഘ. ങ മുഖാന്തരം, ക. ഖ യുടെ ഹർജിക്ക് മറുപടിയായി മുൻപറഞ്ഞ ഹർജിയുടെ മൂന്നാം ഖണ്ഡികയിൽ പറഞ്ഞിട്ടുള്ളതുപോലെ, ഭ. മ യുമായി പലസന്ദർഭങ്ങളിലോ, ഏതെങ്കിലും സന്ദർഭത്തിലോ വ്യഭിചരിച്ചിട്ടുണ്ടെന്നുള്ളത് നിഷേധിക്കുന്നു എന്നു പറയുന്നു.

ആകയാൽ, മുൻപറഞ്ഞ ഹർജി ഈ (ബഹുമാനപ്പെട്ട) കോടതി തള്ളിക്കളയണമെന്ന് എതിർകക്ഷി പ്രാർത്ഥിക്കുന്നു.

ഗ. ഖ (ഒപ്പ്)

## നമ്പർ.3—നമ്പർ 1 ന് മറുപടിയായി കൂട്ട് എതിർ കക്ഷിയുടെ പത്രിക

............................ (ഹൈ) കോടതിയിൽ....................
മാസം.........................................ദിവസം

ഹർജിക്കാരൻ ക. ഖ യും
എതിർകക്ഷി ഗ. ഖ യും
കൂട്ടു എതിർകക്ഷി ഭ. മ യും
തമ്മിൽ

കൂട്ടു എതിർകക്ഷി ഭ. മ ഈ വ്യവഹാരകാര്യത്തിൽ ഫയൽ ചെയ്യപ്പെട്ടിട്ടുള്ളഹർജിക്ക് മറുപടിയായി, മുൻപറഞ്ഞ ഹർജിയിൽ പറഞ്ഞിട്ടുള്ളതുപോലെ, മുൻപറഞ്ഞ ഗ. ഖ യുമായി വ്യഭിചരിച്ചു എന്നുള്ളത് അയാറം നിഷേധിക്കുന്നു എന്നു പറയുന്നു.

ആകയാൽ, ഈ (ബഹുമാനപ്പെട്ട) കോടതി, മുൻപറഞ്ഞ ഹർജിക്കാരന്റെ പ്രാർത്ഥന തള്ളിക്കളയുകയും, മുൻപറഞ്ഞ ഹർജിയുടെ കോടതിച്ചെലവും ആനുഷംഗികച്ചെലവും നല്കാൻ അയാളോട് ഉത്തരവു ചെയ്യുകയും ചെയ്യണമെന്ന് മുൻപറഞ്ഞ ഭ. മ പ്രാർത്ഥിക്കുന്നു.

ഭ. മ (ഒപ്പ്)

നമ്പർ 4.

## നമ്പർ. 4—വിവാഹ അകൃതതാവിധിക്കുള്ള ഹർജി

(18-ാം വകുപ്പ് നോക്കുക)

.......................................... (ഹൈ) ക്കോടതിയിൽ

ബഹു. മി. ജസ്ററീസ്..........................................ന്

[അല്ലെങ്കിൽ..........................................ലെ ജഡ്ജിക്ക്]

186.......................................... മാസം..........

ദിവസം ക. ഘ എന്ന് വ്യാജമായി പേർ പറയപ്പെടുന്ന ക. ഖ യുടെ ഹർജി

1. ആയിരത്തിഎണ്ണൂററി.......................................... മാസം ..............ദിവസം അപ്പോാം പതിനെട്ടുവയസ്സുള്ള അവിവാഹിതയായിരുന്ന ഈ ഹർജിക്കാരി അപ്പോാം ഉദ്ദേശം മുപ്പതു വയസ്സുള്ള അവിവാഹിതനായിരുന്ന ഗ. ഘ യുമായി [ഇൻഡ്യയിൽ ഏതോ സ്ഥലത്തു]വച്ച് നിയമപ്രകാരമല്ലെങ്കിലും വസ്തുതയിൽ, വിവാഹിതയായി എന്നും,

2. മുൻപറഞ്ഞ ആയിരത്തി എണ്ണൂററി.......................................... ..........................മാസം..........................ദിവസം മുതൽ, ആയിരത്തി എണ്ണൂററി..........................................മാസം വരെ ഈ ഹർജിക്കാരി പല സ്ഥലങ്ങളിലും, പ്രത്യേകിച്ച് മുൻപറഞ്ഞ.......... ..........................ത്ത് മുൻപറഞ്ഞ ഗ. ഘ യോടൊപ്പം ജീവിക്കുകയും സഹവസിക്കുകയും ചെയ്തു എന്നും,

3. മുൻപറഞ്ഞ ഗ. ഘ മുൻപറഞ്ഞ യഥാർത്ഥമായതായി ഭാവിക്കപ്പെട്ട വിവാഹം ഒരിക്കലും ലൈംഗികസംഗത്തോടെ പൂർത്തികരിച്ചിട്ടില്ലെന്നും,

4. ഈ ഹർജിക്കാരിയുടെ, മുൻപറഞ്ഞ യഥാർത്ഥമായതായി ഭാവിക്കപ്പെട്ട വിവാഹം നടത്തുന്ന സമയത്ത്, മുൻപറഞ്ഞ ഗ. ഘ ലൈംഗികസംഗത്തിനുള്ള അയാളുടെ അശക്തതയോ രൂപവൈകൃതമോ കാരണമായി, വിവാഹ കാൺട്രാക്ററിൽ ഏർപ്പെടുവാൻ നിയമപ്രകാരം ക്ഷമതയില്ലാത്തവനായിരുന്നു എന്നും,

5. ഈ വ്യവഹാരത്തിന്റെ വിഷയം സംബന്ധിച്ച്, അവളും മുൻപറഞ്ഞ ഗ. ഘ യും തമ്മിൽ ഏതെങ്കിലും കപടസന്ധിയുണ്ടായിരിക്കുകയോ മൗനാനുവാദം നല്കുകയോ ചെയ്യുന്നില്ലെന്നും, കാണിക്കുന്നു.

അതിനാൽ, ഈ (ബഹുമാനപ്പെട്ട) കോടതി മുൻപറഞ്ഞ വിവാഹം അകൃതവും ശൂന്യവുമാണെന്ന് പ്രഖ്യാപിക്കണമെന്ന്, ഈ ഹർജിക്കാരി പ്രാർത്ഥിക്കുന്നു.

ക. ഖ (ഒപ്പ്)

സത്യബോധപ്പെടുത്തലിന്റെ ഫാറം: നമ്പർ 1 നോക്കുക.

## നമ്പർ. 5—തന്റെ ഭർത്താവിന്റെ വ്യഭിചാരത്തിന്റെ കാരണത്തിൻമേൽ ജുഡീഷ്യൽ വേർപെടുത്തലിനുള്ള ഭാര്യയാലുള്ള ഹർജി

(22-ാം വകുപ്പ് നോക്കുക)

.......................................... (ഹൈ)ക്കോടതിയിൽ
ബഹു. മി. ജസ്റ്റീസ്.................................ന് അല്ലെങ്കിൽ
[.............. ....... ...........................ലെ ജഡ്ജിക്ക്]
186 ..........................മാസം ........................ദിവസം

ക. ഖ യുടെ ഭാര്യയായ ഗ. ഖ യുടെ ഹർജി

1. ആയിരത്തി എണ്ണൂററി അറുപത്തി.................................................മാസം..............................ദിവസം, അപ്പോൾ ഗ. ഘ യായിരുന്ന ഈ ഹർജിക്കാരി.........................ലെ..................................................ക. ഖ യുമായി പള്ളിയിൽവച്ച് നിയമാനുസൃതം വിവാഹിതരായി എന്നും,

2. അവളുടെ മുൻപറഞ്ഞ വിവാഹശേഷം, ഈ ഹർജിക്കാരി..................................ത്തും ........................................ത്തും മുൻപറഞ്ഞ ക. ഖ യോടൊപ്പം സഹവസിച്ചു എന്നും, ഈ ഹർജിക്കാരിക്കും, അവളുടെ മുൻപറഞ്ഞ ഭർത്താവിനും അവരുടെ മുൻപറഞ്ഞ വിവാഹത്തിലെ ജീവിച്ചിരിപ്പുള്ള സന്താനങ്ങളായി മൂന്നു കുട്ടികൾ അതായത്.............................................................................. എന്നിവർ ഉണ്ടെന്നും, (ക)

3. ആയിരത്തി എണ്ണൂററി അറുപത്തി........................... ആഗസ്ററ്, സെപ്ററംബർ, അക്റേറാബർ എന്നീ മാസങ്ങളിലോ അതിനടുത്തോ പല സന്ദർഭങ്ങളിലും, മുൻപറഞ്ഞ ക. ഖ മുൻപറഞ്ഞ ........................ത്ത് വച്ച് അപ്പോൾ, മുൻപറഞ്ഞ ക. ഖ യുടേയും ഈ ഹർജിക്കാരിയുടെയും മുൻപറഞ്ഞ താമസസ്ഥലത്ത് അവരുടെ സേവനത്തിൽ ജീവിച്ചുപോന്നിരുന്ന ങ. ച യുമായി വ്യഭിചരിച്ചു എന്നും,

4. ആയിരത്തി എണ്ണൂററി അറുപത്തി............................ അക്റേറാബർ, നവംബർ, ഡിസംബർ എന്നീ മാസങ്ങളിൽ, പല സന്ദർഭങ്ങളിലും, മുൻപറഞ്ഞ ക. ഖ മുൻപറഞ്ഞ..............................ത്ത് വച്ച് അപ്പോൾ മുൻപറഞ്ഞ ക. ഖ യുടേയും ഈ ഹർജിക്കാരിയുടേയും മുൻപറഞ്ഞ താമസസ്ഥലത്തുവച്ച് അവരുടെ സേവനത്തിലായി ജീവിച്ചുപോന്നിരുന്ന ഛ. ജ യുമായി വ്യഭിചരിച്ചു എന്നും,

5. ഈ വ്യവഹാരത്തിന്റെ വിഷയം സംബന്ധിച്ച്, ഈ ഹർജിക്കാരിയും മുൻപറഞ്ഞ ക. ഖ യും തമ്മിൽ ഏതെങ്കിലും കപടസന്ധിയുണ്ടായിരിക്കുകയോ മൗനാനുവാദം നല്കുകയോ ചെയ്യുന്നില്ലെന്നും, കാണിക്കുന്നു.

---

(ക) കുട്ടികളുടെ യഥാക്രമമുള്ള വയസ്സ് പ്രസ്താവിക്കുക

അതിനാൽ, (ബഹുമാനപ്പെട്ട) ഈ കോടതി, ഈ ഹർജിക്കാരിക്ക്, അവളുടെ മുൻപറഞ്ഞ ഭർത്താവിന്റെ മുൻപറഞ്ഞ വ്യഭിചാരം കാരണമായി അയാളിൽ നിന്ന് ഒരു ജുഡീഷ്യൽ വേർപെടുത്തൽ വിധിച്ചുതരണമെന്ന്, ഈ ഹർജിക്കാരി പ്രാർത്ഥിക്കുന്നു.

ഗ. ഖ (ഒപ്പ്) (ഖ)

സത്യബോധപ്പെടുത്തലിന്റെ ഫാറം : നമ്പർ 1 നോക്കുക

## നമ്പർ. 6—നമ്പർ 5-ന് മറുപടിയായുള്ള പത്രിക

............................(ഹൈ) ക്കോടതിയിൽ

ഖ അഭി ഖ

............................ മാസം ......................ദിവസം ..............................എതിർ കക്ഷി ക ഖ തന്റെ അറേറാർണി (അല്ലെങ്കിൽ വക്കീൽ) ബ. മ മുഖാന്തരം പറയുന്നു—

1. ഹർജിയിലെ മൂന്നാം ഖണ്ഡികയിൽ പറഞ്ഞിട്ടുള്ളതുപോലെ, താൻ ങ. ച യുമായി വ്യഭിചരിച്ചിട്ടുണ്ടെന്നുള്ളത് താൻ നിഷേധിക്കുന്നു എന്നും

2. ങ. ച യുമായുള്ള മുൻപറഞ്ഞ വ്യഭിചാരം വല്ലതുമുണ്ടെങ്കിൽ അത് ഹർജിക്കാരി മാപ്പാക്കിയിട്ടുണ്ടെന്നും

3. ഹർജിയുടെ നാലാംഖണ്ഡികയിൽ പറഞ്ഞിട്ടുള്ളതുപോലെ താൻ ഛ. ഞ യുമായി വ്യഭിചരിച്ചിട്ടുണ്ടെന്നുള്ളത് താൻ നിഷേധിക്കുന്നു എന്നും

4. ഛ. ഞ യുമായുള്ള മുൻപറഞ്ഞ വ്യഭിചാരം വല്ലതുമുണ്ടെങ്കിൽ അത് ഹർജിക്കാരി മാപ്പാക്കിയിട്ടുണ്ടെന്നും

പറയുന്നു.

ആകയാൽ ഈ (ബഹുമാനപ്പെട്ട) കോടതി മുൻപറഞ്ഞ ഹർജിയിലെ പ്രാർത്ഥന തള്ളിക്കളയണമെന്ന് ഈ എതിർകക്ഷി പ്രാർത്ഥിക്കുന്നു.

ക. ഖ. (ഒപ്പ്)

## നമ്പർ. 7—നമ്പർ 6-ന് മറുപടിയായുള്ള പത്രിക

(ഹൈ)ക്കോടതിയിൽ

ഖ അഭി ഖ

........................മാസം..............ദിവസം ഹർജിക്കാരിയായ ഗ. ഖ തന്റെ അറേറാർണി (അല്ലെങ്കിൽ വക്കീൽ) മുഖാന്തരം—

1. മറുപടിയായുള്ള പത്രികയിലെ രണ്ടാം ഖണ്ഡികയിൽ, പറഞ്ഞിട്ടുള്ളതുപോലെ, എതിർകക്ഷിയുടെ ഛ. ഞ യുമായിട്ടുള്ള മുൻപറഞ്ഞ വ്യഭിചാരം താൻ മാപ്പാക്കിയെന്നുള്ളത് താൻ നിഷേധിക്കുന്നു എന്നും,

---

(ഖ) ഹർജിക്കാരി ഒപ്പിടണം

2. മുൻപറഞ്ഞ വ്യഭിചാരം താൻ മാപ്പാക്കിയിട്ടുണ്ടായിരുന്നെങ്കിൽ തന്നെയും, അത് ഹർജിയിലെ നാലാംഖണ്ഡികയിൽ പറഞ്ഞിട്ടുള്ളതുപോലെ, ഛ. ഞ. യുമായുള്ള എതിർകക്ഷിയുടെ പിന്നീടുള്ള വ്യഭിചാരത്താൽ പുനരുജ്ജീവിപ്പിക്കപ്പെട്ടിരിക്കുന്നു എന്നും പറയുന്നു.

ഗ. ഖ (ഒപ്പ്)

## നമ്പർ. 8—ക്രൂരത കാരണമായി ജുഡീഷ്യൽ വേർപെടുത്തലിനുള്ള ഹർജി

(22-ാം വകുപ്പു നോക്കുക)

............................ (ഹൈ) ക്കോടതിയിൽ

ബഹു. മി. ജസ്ററിസ്.....................ന്

[അല്ലെങ്കിൽ .........................ജഡ്ജിക്ക്]

186........ ............... മാസം .................. ..ദിവസം

.................ക. ഖ. (ഗ. ഖ. യുടെ ഭാര്യ) യുടെ ഹർജി.—

1. ആയിരത്തി എണ്ണൂററി............. മാസം..............ദിവസം അപ്പോരം അവിവാഹിതയായ ക. ഘ. ആയിരുന്ന ഈ ഹർജിക്കാരി ഗ. ഘ. യുമായി..........ത്തുവച്ച് നിയമാനുസൃതം വിവാഹിതയായി എന്നും,

2. തന്റെ മുൻപറഞ്ഞ വിവാഹം മുതൽ ഈ ഹർജിക്കാരി ..................ത്ത് അവളുടെ മുൻപറഞ്ഞ ഭർത്താവോടൊപ്പം ആയിരത്തി എണ്ണൂററി..........മാസം ............ ദിവസംവരെ ജീവിക്കുകയും സഹവസിക്കുകയും ചെയ്തുവെന്നും അന്ന് ഈ ഹർജിക്കാരി, ഇതിനുശേഷം കൂടുതൽ വിശദമായി പറഞ്ഞിട്ടുള്ളതുപോലെ മുൻപറഞ്ഞ ഭർത്താവിൽനിന്ന് വേർപെട്ടു എന്നും, ഈ ഹർജിക്കാരിക്കും അവളുടെ മുൻപറഞ്ഞ ഭർത്താവിനും, അവരുടെ മുൻപറഞ്ഞ വിവാഹത്തിൽ സന്താനങ്ങരം ഒന്നും ഉണ്ടായിട്ടില്ലെന്നും,

3. ഈ ഹർജിക്കാരിയുടെ മുൻപറഞ്ഞ വിവാഹംമുതല്ക്കും അതിനടുത്തു പിന്നീടും, മുൻപറഞ്ഞ ഗ. ഖ അവളെ അടിക്കടി ഏററവും പരുഷവും അപമാനകരവുമായ ഭാഷയിൽ ശകാരിച്ചും, തന്റെ മുഷ്ടികൊണ്ടോ, ചൂരൽകൊണ്ടോ, മററതെങ്കിലും ആയുധം കൊണ്ടോ അടിച്ചും, ഈ ഹർജിക്കാരിയോട് പതിവായി വളരെ കർക്കശതയോടും ക്രൂരതയോടും സ്വയം പെരുമാറിപ്പോന്നു എന്നും,

4. ആയിരത്തി എണ്ണൂററി.............. മാസത്തിലോ അതിനടുത്തോ ഒരു വൈകുന്നേരം, മുൻപറഞ്ഞ ഗ. ഖ. മുൻപറഞ്ഞ .....................ത്ത് അപ്പോരം ഈ ഹർജിക്കാരിയും അയാളും താമസിച്ചിരുന്ന വീട്ടിനു എതിർവശത്ത് ഹൈവേയിൽവച്ച് നിങ്ങളുടെ ഹർജിക്കാരിയെ അടിച്ചുവീഴ്ത്താൻ പരിശ്രമിച്ചു എന്നും, ഈ ഹർജിക്കാരിയുടെ സഹോദരനായ ച. ഘ. ഇടപെട്ടതിനാൽ മാത്രമാണ് അപ്രകാരം ചെയ്യുന്നതിൽനിന്ന് തടയപ്പെട്ടതെന്നും,

5. പിന്നീട്, അതേ വൈകുന്നേരം തന്നെ മുൻപറഞ്ഞ ഗ. ഖ അയാളുടെ മുൻപറഞ്ഞ.....................ത്തെ മുൻപറഞ്ഞ വീട്ടിൽവച്ച്, അയാളുടെ ചുരുട്ടിയ മുഷ്ടികരംകൊണ്ട് അവളുടെ മുഖത്ത് ഒരു ഊക്കൻ ഇടി ഇടിച്ചു എന്നും,

6. ആയിരത്തി എണ്ണൂററി...................... മാസം ഒരു വെള്ളിയാഴ്ച രാത്രി, മുൻപറഞ്ഞ ഗ. ഖ........................................ത്തുവച്ച് പ്രകോപനം കൂടാതെ, ഈ ഹർജിക്കാരിയുടെ നേരെ ഒരു കത്തി എറിയുകയും അതുവഴി അവളുടെ വലത്തു കൈയിൻമേൽ കഠിനമായ ഒരു ക്ഷതം ഏല്പിച്ചു എന്നും,

7. ആയിരത്തി എണ്ണൂററി...................മാസം................. ദിവസം ഉച്ചതിരിഞ്ഞ്, ഈ ഹർജിക്കാരി, അവളുടെ മുൻപറഞ്ഞ ഭർത്താവ് അവളുടെ നേർക്ക് കാട്ടിപ്പോന്ന തുടർച്ചയായ വലിയ ക്രൂരതകാരണം, സഹായത്തോടുകൂടി, അവളുടെ മുൻപറഞ്ഞ ഭർത്താവിൻെറ വീട്ടിൽനിന്ന് .......... ത്തെ അവളുടെ അച്ഛൻെറ വീട്ടിലേക്ക് പിൻവാങ്ങിപ്പോന്നുവെന്നും, മുൻപറഞ്ഞ ആയിരത്തി എണ്ണൂററി................മാസം ..............ദിവസം മുതല്ക്കും അതിനുശേഷവും ഈ ഹർജിക്കാരി അവളുടെ മുൻപറഞ്ഞ ഭർത്താവിൽനിന്ന് വേർപെട്ടും മാറിയും ജീവിച്ചുപോന്നു എന്നും അയാളുടെ വീട്ടിലേക്കോ അയാളുമായുള്ള സഹവാസത്തിലേക്കോ ഒരിക്കലും തിരിച്ചുപോയിട്ടില്ലെന്നും,

8. ഈ വ്യവഹാരത്തിൻെറ വിഷയം സംബന്ധിച്ച്, ഈ ഹർജിക്കാരിയും അവളുടെ മുൻപറഞ്ഞ ഭർത്താവും തമ്മിൽ ഏതെങ്കിലും കപടസന്ധിയുണ്ടായിരിക്കുകയോ മൗനാനുവാദം നല്കുകയോ ചെയ്യുന്നില്ലെന്നും, കാണിക്കുന്നു.

ആകയാൽ, ഈ (ബഹു) കോടതി ഈ ഹർജിക്കാരിയും, മുൻപറഞ്ഞ ഗ. ഖ യും തമ്മിൽ ജുഡീഷ്യൽ വേർപെടുത്തൽ വിധിക്കുകയും ഈ നടപടികളുടെ കോടതിച്ചെലവും ആനുഷംഗികച്ചെലവും നല്കാൻ മുൻപറഞ്ഞ ഗ. ഖ യോട് ഉത്തരവു ചെയ്യുകയും ചെയ്യണമെന്ന് ഈ ഹർജിക്കാരി പ്രാർത്ഥിക്കുന്നു.

ക. ഖ. (ഒപ്പ്)

സത്യബോധപ്പെടുത്തലിനുള്ള ഫാറം: നമ്പർ 1 കാണുക

## നമ്പർ. 9—നമ്പർ 8-ന് മറുപടിയായുള്ള പത്രിക

..............................(ഹൈ)ക്കോടതിയിൽ

.......................മാസം................. ദിവസം

ഹർജിക്കാരി ക. ഖ യും എതിർകക്ഷി

ഗ. ഖ യും തമ്മിൽ

എതിർകക്ഷിയായ ഗ. ഖ. തൻെറ അററാർണി അല്ലെങ്കിൽ വക്കീൽ ബ. ഞ മുഖാന്തരം വ്യവഹാര കാര്യത്തിൽ ഫയൽ ചെയ്തിട്ടുള്ള ഹർജിക്ക് മറുപടിയായി മുൻപറഞ്ഞ ഹർജിയിൽ പറഞ്ഞിട്ടുള്ളതുപോലെ, മുൻപറഞ്ഞ ക. ഖ യോട് താൻ ക്രൂരതയ്ക്ക് അപരാധിയായിട്ടുണ്ടെന്നുള്ളത് താൻ നിഷേധിക്കുന്നു എന്നു പറയുന്നു.

ഗ. ഖ. (ഒപ്പ്)

## നമ്പർ. 10—വേർപെടുത്തൽ വിധിയുടെ മറിച്ചു വിധിക്കലിനുള്ള ഹർജി

(24-ാം വകുപ്പു നോക്കുക)

.............................................................. (ഹൈ)ക്കോടതിയിൽ
ബഹു ........................................മി. ജസ്റ്റീസ് ..................................ന്
[അല്ലെങ്കിൽ .....................................ത്തെ ജഡ്ജിക്ക്]

186...................................... മാസം...................................ദിവസം

ക. ഖ. യുടെ ഹർജി

1. ഈ ഹർജിക്കാരൻ.............................മാസം ...................... ദിവസ്, ........................മായി നിയമാനുസൃതം വിവാഹിതനായി എന്നും,

2. .................................മാസം .........................ദിവസം ഈ (ബഹു) കോടതി,...................................ടെ ഹർജിയിൻമേൽ, ഈ ഹർജിക്കാരനെ ബാധിക്കുന്ന താഴെ പറയുന്ന അർത്ഥത്തിലുള്ള, അതായത്,

[ഇവിടെ വിധി ചേർക്കുക]

എന്ന വിധി പ്രസ്താവിച്ചു എന്നും.

3 അങ്ങനെയുള്ള വിധി, അപ്പോൾ..............................ത്ത് താമസിക്കുകയായിരുന്ന ഈ ഹർജിക്കാരൻെറ അഭാവത്തിൽ നേടിയതാണെന്നും,

[നടപടികളെപ്പററി ഹർജിക്കാരൻ അറിഞ്ഞിരുന്നില്ലെന്നും; എന്നുമാത്രമല്ല അറിഞ്ഞിരുന്നുവെങ്കിൽ മതിയായ പ്രതിവാദത്തിനു മുന്നോട്ടു വരുമായിരുന്നു എന്നും കാണിക്കുന്ന പ്രവണതയുള്ള വസ്തുതകൾ പ്രസ്താവിക്കുക]

അല്ലെങ്കിൽ,

ഈ ഹർജിക്കാരന് അയാളുടെ മുൻപറഞ്ഞ ഭാര്യയെ വിട്ടുപോകാൻ ന്യായമായ കാരണങ്ങൾ ഉണ്ടായിരുന്നുവെന്നും, അല്ലെങ്കിൽ അയാളുടെ മുൻപറഞ്ഞ ഭാര്യ,

[ഇവിടെ ഹർജിക്കാരൻ അയാളുടെ ഭാര്യയിൽനിന്ന് വേർപെട്ടത് ന്യായീകരിക്കുന്ന നിയമാനുസൃത കാരണങ്ങൾ ഏതെങ്കിലും പ്രസ്താവിക്കുക]

എന്നും
കാണിക്കുന്നു.

അതിനാൽ ഈ (ബഹു) കോടതി മുൻപറഞ്ഞ വിധി മറിച്ച് വിധിക്കണമെന്ന് ഈ ഹർജിക്കാരൻ പ്രാർത്ഥിക്കുന്നു.

ക. ഖ. (ഒപ്പ്)

സത്യബോധപ്പെടുത്തലിനുള്ള ഫാറം: 1-ാം നമ്പർ നോക്കുക.

## നമ്പർ. 11—രക്ഷണ ഉത്തരവിനുള്ള ഹർജി

(27-ാം വകുപ്പു നോക്കുക)

..........................(ഹൈ)ക്കോടതിയിൽ
ബഹു. മി. ജസ്ററീസ്..............................ന്
(അല്ലെങ്കിൽ......................... ലെ ജഡ്ജിക്ക്)

186....................മാസം................. ദിവസം ക. ഖ. യുടെ ഭാര്യ.....................ത്തെ ഗ. ഖ. യുടെ ഹർജി

..................... മാസം...................ദിവസം അവൾ ..............................ത്തുവച്ച് ക. ഖ. യുമായി നിയമാനുസൃതം വിവാഹിതയായി എന്ന്

അവൾ മുൻപറഞ്ഞ ക. ഖ. യോടൊപ്പം ........................വർഷം .....................ത്തും കൂടാതെ .............. ത്തും ജീവിക്കുകയും സഹവസിക്കുകയും ചെയ്തു എന്നും അവൾക്ക് മുൻപറഞ്ഞ വിവാഹത്തിലെ സന്താനങ്ങളായി...................... കുട്ടികൾ ഉണ്ടായി എന്നും അവരിൽ ...................പേർ ഇപ്പോൾ അപേക്ഷകയുടെകൂടെ ജീവിച്ചുപോരുകയും, പൂർണ്ണമായും അവളുടെ സമ്പാദ്യത്തെ ആശ്രയിക്കുകയും ചെയ്യുകയാണെന്നും,

............................. ദിവസമോ അതിനടുത്തോ മുൻപറഞ്ഞ ക. ഖ. ന്യായമായ യാതൊരു കാരണവും കൂടാതെ അപേക്ഷകയെ അഭിത്യജിച്ചു എന്നും, അതിനുശേഷം അവളിൽനിന്ന് വേർപെട്ടും മാറിയും ആണ് കഴിഞ്ഞിരുന്നതെന്നും, തന്റെ മുൻപറഞ്ഞ ഭർത്താവ് അഭിത്യജിച്ചതിനുശേഷം അപേക്ഷക, അതതുസംഗതിപോലെ, തന്റെ സ്വന്തം പരിശ്രമത്താൽ, അല്ലെങ്കിൽ അതതു സംഗതിപോലെ, തന്റെ സ്വന്തം വസ്തുക്കളെ ആശ്രയിച്ചു സ്വയം സംരക്ഷിച്ചുപോന്നു എന്നും, അതുവഴിയും മററുവിധത്തിലും [ഇവിടെ വസ്തുവിന്റെ സാമാന്യപ്രകൃതം പ്രസ്താവിക്കുക] അടങ്ങുന്നതായ വസ്തു ആർജ്ജിച്ചിട്ടുണ്ടെന്നും,

കാണിക്കുന്നു.

ആകയാൽ മുൻപറഞ്ഞ ................മാസം ................ദിവസത്തിനുശേഷം ആർജ്ജിച്ചിട്ടുള്ള തന്റെ സമ്പാദ്യവും വസ്തുവും മുൻപറഞ്ഞ ക. ഖ യിൽനിന്നും അയാളുടെ കീഴിൽ അവകാശപ്പെടുന്ന എല്ലാ ഉത്തമർണ്ണന്മാരിൽനിന്നും ആളുകളിൽനിന്നും രക്ഷിക്കുന്നതിനുള്ള ഉത്തരവിന് അവൾ പ്രാർത്ഥിക്കുന്നു.

ഗ. ഖ. (ഒപ്പ്)

## നമ്പർ. 12—വ്യവഹാരം നിലവിലുള്ള കാലത്തെ ജീവനാംശത്തിനുള്ള ഹർജി

(36-ാം വകുപ്പു നോക്കുക)

.......................................(ഹൈ) കോടതിയിൽ

ഖ അഭി ഖ

ബഹു: മി: ജസ്റ്ററിസ്.......................................ന്
(അല്ലെങ്കിൽ.......... .....ജഡ്ജിക്ക്)

186...........................മാസം.................ദിവസം ക ഖ യുടെ നിയമാനുസൃത ഭാര്യയായ ഗ. ഘ. യുടെ ഹർജി.

1. മുൻപറഞ്ഞ ക. ഖ കുറച്ചു വർഷങ്ങളായി.....................ത്ത് .................... ബിസിനസ് നടത്തിപ്പോന്നിട്ടുണ്ടെന്നും അയാൾക്ക് അങ്ങനെയുള്ള ബിസിനസിൽനിന്ന് 4,000 രൂപ മുതൽ 5,000 രൂപ വരെ പ്രതിവർഷ അററാദായം സിദ്ധിക്കുന്നുണ്ടെന്നും,

2. മുൻപറഞ്ഞ ക. ഖ യ്ക്ക് അയാളുടെ മുൻപറഞ്ഞ വീട്ടിൽ 10,000 രൂപ മൂല്യമുള്ള പ്ലേററും, ഫർണിച്ചറും, തുണിയും മററു മുതലുകളും.................... എന്നിവ കൈവശമുള്ളതും, അവയെല്ലാം ഈ ഹർജിക്കാരിക്ക് അയാളുടെ ഭാര്യയെന്ന നിലയിൽ അററ കാശപ്പെട്ടതായി അയാൾ ആർജ്ജിച്ചിട്ടുള്ളതോ അവളിലൂടെ അയാൾ ആർജ്ജിച്ച പണംകൊണ്ട് വാങ്ങിയിട്ടുള്ളതോ ആണെന്നും,

3. മുൻപറഞ്ഞ ക. ഖ യ്ക്ക് അയാളുടെ പിതാവിൻെറ മരണ ശാസന പ്രകാരം 5,000 രൂപയോ, മററ് ഏതെങ്കിലും ഗണ്യമായ തുകയോ മൂല്യമുള്ള വസ്തുവിന്, അതിലെ അയാളുടെ മാതാവിൻെറ ആജീവനാവകാശത്തിനു വിധേയമായി, അവകാശമുണ്ടെന്നും, (ക)

ആകയാൽ, ഈ (ബഹു.) കോടതി, വ്യവഹാരം നിലവിലുള്ള കാലത്തെ ജീവനാംശമായി ഈ (ബഹു) കോടതിക്ക് സമുചിതമെന്നു തോന്നുന്ന തുകയോ തുകകളോ വിധിക്കേണ്ടതാണെന്ന് ഈ ഹർജിക്കാരി പ്രാർത്ഥിക്കുന്നു.

ഗ ഘ (പ്പെ്)

സത്യബോധപ്പെടുത്തലിനുള്ള ഫാറം : നമ്പർ 1 നോക്കുക

## നമ്പർ. 13—നമ്പർ 12 ന് മറുപടിയായുള്ള പത്രിക

.......................................(ഹൈ) കോടതിയിൽ

ഖ അഭി ഖ

മുകളിൽ പേർ പറയപ്പെട്ട എതിർകക്ഷിയായ...................ത്തെ ക. ഖ വ്യവഹാരം നിലവിലുള്ള കാലത്തെ ജീവനാംശത്തിനുള്ള ഗ ഖ യുടെ ഹർജിക്ക് മറുപടിയായി താഴെ കൊടുത്തവിധം പറയുന്നു.

---

(ക) ഹർജിക്കാരി അവളുടെ ഭർത്താവിൻെറ ആദായം കഴിയുന്നത്ര കൃത്യമായി പ്രസ്താവിക്കേണ്ടതാണ്,

1. മുൻപറഞ്ഞ ഹർജിയുടെ ഒന്നാം ഖണ്ഡികയ്ക്ക് മറുപടിയായി കഴിഞ്ഞ മൂന്നു വർഷങ്ങളായി ഞാൻ ....... ......ത്തു... ...... ബിസിനസ് നടത്തിപ്പോന്നിട്ടുണ്ടെന്നും അങ്ങനെയുള്ള ബിസിനസിൽനിന്ന് എനിക്ക് 900 രൂപ, എന്നാൽ 1,000 രൂപയിൽ താഴെ, പ്രതിവർഷ അററാദായം സിദ്ധിച്ചിട്ടുണ്ടെന്നും ഞാൻ പറയുന്നു.

2. മുൻപറഞ്ഞ ഹർജിയിലെ രണ്ടാം ഖണ്ഡികയ്ക്ക് മറുപടിയായി, എനിക്ക് എന്റെ മുൻപറഞ്ഞ വീട്ടിൽ 7,000 രൂപ മൂല്യമുള്ളതും ഞാൻ സത്യമായി വിശ്വസിക്കുന്നതുപോലെ കൂടുതൽ മൂല്യമില്ലാത്തതും ആയ പ്ലേററും ഫർണിച്ചറും തുണിയും മററ് ജംഗമങ്ങളും മുതലുകളും...... ....... എന്നിവ കൈവശമുണ്ടെന്ന് ഞാൻ പറയുന്നു. മുൻപറഞ്ഞ പ്ലേററ്, ഫർണിച്ചർ, മററു ജംഗമങ്ങൾ, മുതലുകൾ എന്നിവയുടെ 1,500 രൂപ മൂല്യമുള്ള ഒരു ഭാഗം എന്റെ മുൻപറഞ്ഞ ഭാര്യയ്ക്ക് ഞങ്ങളുടെ വിവാഹത്തിനുമുമ്പ് അവകാശപ്പെട്ടതായിരുന്നുവെന്നും, എന്നാൽ അവയുടെ ബാക്കി ഭാഗം ഞാൻ പിന്നീട് എന്റെ സ്വന്തം പണംകൊണ്ട് വാങ്ങിയിട്ടുള്ളതാണെന്നും ഞാൻ പറയുന്നു.

ഇതിൽ ഇതിനുമുമ്പ് കൊടുത്തിട്ടുള്ള വിധമൊഴികെ, മുൻപറഞ്ഞ ഹർജിയിൽ മുൻപറഞ്ഞ ഖണ്ഡികയിൽ പറഞ്ഞിട്ടുള്ളതുപോലെ, എനിക്ക് പ്ലേററും മററു മുതലുകളും കൈവശമില്ലെന്നും, ഞാൻ അവ മുൻപറഞ്ഞ ഹർജിയിൽ കൂടുതലായി പറഞ്ഞിട്ടുള്ളതുപോലെ ആർജ്ജിച്ചിട്ടുള്ളവയല്ലെന്നും ഞാൻ പറയുന്നു.

3. എന്റെ പിതാവിന്റെ മരണശാസനപ്രകാരം എനിക്ക് 5,000 രൂപ മൂല്യമുള്ള വസ്തുവിന്, അതിലെ എന്റെ മാതാവിന്റെ ആജീവനാവകാശത്തിന് വിധേയമായി, അവകാശമുണ്ടെന്ന്, അതായത് എന്റെ പിതാവിന്റെ മുൻപറഞ്ഞ മരണശാസനപ്രകാരം, എന്റെ മാതാവ് മരിക്കുന്നതോടെ എനിക്ക് 7,000 രൂപയുടെ ഒസ്യത്തു മുതലിന് അവകാശമുണ്ടായിരിക്കുന്നതും, അതിൽ നിന്ന് എന്റെ പിതാവിന്റെ എസ്റേററിന് ഞാൻ തിരിയെ കൊടുക്കേണ്ട കടത്തിന്റെ തുകയായ 2,000 രൂപ, ഞാൻ പിതാവിന്റെ എക്സിക്യൂട്ടർമാർക്ക് കൊടുക്കേണ്ടതാണെന്നും ആ കടത്തിൻമേൽ ഞാൻ ഇപ്പോൾ പ്രതിവർഷം അഞ്ചു ശതമാനം നിരക്കിൽ പലിശ കൊടുത്തുവരികയാണെന്നും ഞാൻ സമ്മതിക്കുന്നു.

4. മുൻപറഞ്ഞ ഹർജ്ജിക്ക് കൂടുതൽ മറുപടിയായി, എനിക്ക് മുൻപറഞ്ഞ എന്റെ ബിസിനസിൽനിന്ന് സിദ്ധിക്കുന്ന ആദായമൊഴികെ യാതൊരു ആദായവും ഇല്ലെന്നും, അങ്ങനെയുള്ള ആദായം, എന്റെ മുൻപറഞ്ഞ ഭാര്യ എന്നെ വിട്ടുപോയ കഴിഞ്ഞ.......... മാസം.. ...... ..ദിവസത്തിനുശേഷം ഗണ്യമായി കുറഞ്ഞിട്ടുണ്ടെന്നും, അങ്ങനെയുള്ള കുറവ് തുടരാൻ ഇടയുണ്ടെന്നും, എന്റെ മുൻപറഞ്ഞ ആദായത്തിൽനിന്ന് എന്റെ പരേതനായ പിതാവിന്റെ എക്സിക്യൂട്ടർമാർക്ക് മുൻപറഞ്ഞ പലിശയായി പ്രതിവർഷം 100 രൂപ ഞാൻ കൊടുക്കേണ്ടതുണ്ടെന്നും എനിക്ക് കൂടാതെ എന്റേയും എന്റെ മൂത്ത രണ്ടു കുട്ടികളുടേയും ജീവസന്ധാരണം നടത്തേണ്ടതുണ്ടെന്നും ഞാൻ പറയുന്നു.

5. മുൻപറഞ്ഞ ഹർജിക്ക് കൂടുതൽ മറുപടിയായി, കഴിഞ്ഞ............ മാസം ....... ..ദിവസം എന്റെ ഭാര്യ എന്റെ വാസഗൃഹം വിട്ടുപോകുമ്പോൾ, അവൾ, എന്റെ മറുപടിയുടെ രണ്ടാം ഖണ്ഡത്തിൽ പറഞ്ഞിരിക്കുന്നതും ഞാൻ സത്യമായി വിശ്വസിക്കുന്നതുപോലെ ചുരുങ്ങിയത് 800 രൂപ മൂല്യമുള്ളതുമായ പ്ലേററും, വാച്ചുകളും, മററു മുതലുകളും എടുത്തുകൊണ്ടു പോയിയെന്നും, അവ അതുമുതൽ എന്നിൽനിന്ന് അകററിവച്ചു എന്നും

ഇപ്പോഴും അകററിവച്ചിരിക്കുകയാണെന്നും ഞാൻ പറയുന്നു; കൂടാതെ എന്റെ മുൻപറഞ്ഞ ഭാര്യ മുൻപറഞ്ഞതുപോലെ എന്റെ വീട്ടിൽനിന്ന് അവൾ പോയതിനുശേഷം അഞ്ചു ദിവസത്തിനുള്ളിൽ എന്റെ ചില വാടകവസതിക്കാരിൽനിന്ന് എനിക്ക് പണം കിട്ടാനുള്ള ആകെ............രൂപയ്ക്കുള്ള ബില്ലുകൾ വാങ്ങിച്ചുവെന്നും, ആ തുക അതുമുതൽ അവൾ എന്നിൽനിന്നും അകററിവച്ചുവെന്നും ഇപ്പോഴും അകററിവച്ചിരിക്കയാണെന്നും ഞാൻ പറയുന്നു.

ക. ഖ (ഒപ്പ്)

## നമ്പർ. 14—എതിർ കക്ഷിയുടെ കോടതി ചെലവിന് ഉത്തരവാദിയാകുമെന്നുള്ള മൈനറുടെ ഉററബന്ധുവിന്റെ ഏലപ്പ്

(49-ാം വകുപ്പു നോക്കുക)

.....................(ഹൈ) ക്കോടതിയിൽ......................

ത്തെ ഘ. ഘ യ്ക്കെതിരായി ഇൻഡ്യൻ.......... .. ..... മൈനറും ഇൻഡ്യൻ വിവാഹമോചന ആക്ററിൻകീഴിൽ ഇ കോടതിയിൽ ഒരു ഹർജി ഫയലാക്കുവാൻ ആഗ്രഹിക്കുന്ന ആളുമായ ഘ. ഘ യുടെ ഉററ ബന്ധുവായ .... ........ ....ത്തെ താഴെ ഒപ്പിട്ടിരിക്കുന്ന ക. ഖ ആയ ഞാൻ, അങ്ങനെയുള്ള വ്യവഹാരത്തിലെ മുൻപറഞ്ഞ ഗ. ഘ യുടെ കോടതിച്ചെലവിന് ഉത്തരവാദിയായിരിക്കുമെന്നും, കോടതി അയാളോട് (അല്ലെങ്കിൽ അവളോട്) മുൻപറഞ്ഞ ഘ. ഘ യ്ക്ക് കൊടുക്കുവാൻ മുൻപറഞ്ഞ ഗ ഘ യോട് കോടതി നിദേശിക്കുന്ന അങ്ങനെയുള്ള വ്യവഹാരത്തിലെ എല്ലാ കോടതിച്ചെലവും കോടതി ഉത്തരവു ചെയ്യുമ്പോൾ, ഉത്തരവു ചെയ്യുന്ന രീതിയിലും അവനോ (അല്ലെങ്കിൽ അവളോ) കൊടുക്കാതിരിക്കുന്നുവെങ്കിൽ അത് ഞാൻ ഉടനടി ഈ കോടതിയിലെ തക്ക ഉദ്യോഗസ്ഥന് കൊടുക്കുന്നതാണെന്നും, ഇതിനാൽ ഏലക്കുന്നു.

186......................മാസം................തീയതി

ക. ഖ (ഒപ്പ്)